# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 5 ലക്കം 3 പേജുകൾ 34 ജൂൺ 2024



## ജനവിധി


## കഥ, കവിത

## കാർട്ടൂൺ കേരളം

## ഓർമ്മയുടെ പച്ചപ്പ്



KALA
Handcrafted Jewellery
by
JOS ALUKKAS
A TRADITION OF FINE JEWELLERY
THRISSUR: Round East. Ph: 0487-2331812. Shop online at www.josalukkasonline.com
KERALA | TAMIL NADU | KARNATAKA | PUDUCHERRY | ANDHRA PRADESH | TELANGANA




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**



**വേ**നൽചൂടിന്റെ കാഠിന്യം കുറച്ച് പെയ്തുതുടങ്ങിയ വേനൽമഴ പകർന്ന ആശ്വാസ തീരത്ത്, പൊടുന്നനെ പെയ്തിറങ്ങിയ മേഘകൂട്ടങ്ങൾ, കുറച്ചൊന്നുമല്ല നാട്ടിൽ നാശം വിതച്ചത്. കാലവർഷത്തിനുമുമ്പേ പെയ്ത തോരാമാരി, മുന്നൊരുക്കങ്ങളുടെ അഭാവത്തിൽ ജനജീവിതം ഞെരുക്കിയെന്നത് യാഥാർത്ഥ്യം. കാലവർഷക്കാലം തുടങ്ങുന്നതോടെ സർഗാത്മക സ്ഫുലിംഗങ്ങൾ ഉയിർകൊള്ളുന്നത് സ്വാഭാവികമാണല്ലോ. ഞെരുക്കങ്ങൾക്കെല്ലാം അപ്പുറത്ത്, ഇവ വിടർത്തിയാടുന്ന പീലികൾ, കണ്ണിനും കാതിനും മനസിനും പുത്തനുണർവ് പകരുന്നതാണ് പോയ നാളുകളുടെ സാക്ഷ്യം. ഇക്കുറിയും പ്രതീക്ഷ അസ്ഥാനത്താകില്ല എന്നാശിക്കാം.

മഴയോടു കൂട്ടുകൂടി എഴുതപ്പെടുന്ന രചനകൾ ഉൾപ്പെടുത്തിയാകും മാസികയുടെ അടുത്തലക്കം (ജൂലൈ) പുറത്തിറങ്ങുക. മഴയെന്ന അനുഭൂതി പകരുന്ന രചനകൾ ജൂൺ 15നകം അയക്കാം. മഴയോർമ്മകൾക്കും ജൂലൈ ലക്കത്തിൽ ഇടമുണ്ടാകും.

ഈ വർഷം ജൂണിന്റെ വലിയ പ്രത്യേകത, ഭാരത രാഷ്ട്രീയചിത്രം പുതിയ കാൻവാസിൽ ആലേഖനം ചെയ്യപ്പെടുമോ എന്ന ആകാംക്ഷയാണ്. രണ്ടുനാൾ കൂടി മാത്രം ഇനി കാത്തിരിപ്പു മതിയാകും. ഒരു ജനത ആഗ്രഹിക്കുന്നതാണ് അവർക്ക് ലഭിക്കുക എന്ന അഭിജ്ഞമതം എവ്വിധം വെളിപ്പെടുന്നുവെന്നത് ഏറെ ഉത്കണ്ഠ ജനിപ്പിക്കുന്നതാണ്. അനുഭവങ്ങളുടെ വെളിച്ചത്തിലാണോ, നാടോടി കഥകളുടെ മൗഢ്യ വിശ്വാസങ്ങളിലൂന്നിയാണോ ജനം വിധിയെഴുതിയത് എന്ന് രണ്ടുനാൾക്കകം അറിയാം. ഇന്നു നാം അനുഭവിക്കുന്ന സ്വാതന്ത്ര്യം, നിലവിലെ ജനാധിപത്യ സംവിധാനം പടുത്തുയർത്തിയ ആയിരങ്ങൾ അനുഭവിച്ച യാതനകളുടെയും ഫലപൂർണിമയാണ്. ആയത് അട്ടിമറിക്കപ്പെടാതിരിക്കട്ടെ എന്ന ആശയും ആശങ്കയും ജനാധിപത്യവിശ്വാസികളോടൊപ്പമുണ്ടാകുന്നത്, ഇന്നത്തെ പ്രത്യേക സാഹചര്യം ഒരുക്കി വെച്ചിട്ടുള്ള കാണാകുരുക്കുകൾ നമുക്ക് ചുറ്റിനുമുണ്ട് എന്നതിനാലത്രേ.

**-സി.ആർ.രാജൻ,**
എഡിറ്റർ

## കാർട്ടൂൺ കേരളം





എം. ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ


**കഥ**
അനിതാദേവി...................... പേജ് 9
നിത്യലക്ഷ്മി...................... പേജ് 17
**ഓർമ്മ**
കൃഷ്ണകുമാർ മാപ്രാണം ...... പേജ് 19
എം. കപിൽദേവ് .................. പേജ് 22
പ്രദീപ് എസ്. എസ്. ............. പേജ് 24
**പുസ്തകപരിചയം**
രേഷ്മ ലെച്ചൂസ് .................. പേജ് 33
**കാർട്ടൂൺ**
എം. ആർ. ബാലചന്ദ്രൻ ........... പേജ് 4
**കുട്ടികളുടെ മഷിപ്പച്ച** .. പേജ് 26

**കവിത**
ഷഫീഖ് അബ്ദുല്ല ................. പേജ് 5
ഷഫീന സൈത്തൂൻ............. പേജ് 6
ശ്രീജ വിജയൻ ..................... പേജ് 7
ഹാജറ കെ. എം. ................... പേജ് 8
ജബീറ .............................. പേജ് 10
രാജു കാഞ്ഞിരങ്ങാട് ............ പേജ് 11
ബി. ജോസുകുട്ടി .................. പേജ് 12
ഡോ. രമ്യരാജ്..................... പേജ് 13
നിബിൻ കള്ളിക്കാട്............. പേജ് 14
രാജീകൃഷ്ണ...................... പേജ് 15
ശ്രീജ വാരിയർ .................... പേജ് 16

കവിത

# ബാക്കിയായത്



ശഫീഖ് അബ്ദുല്ല

ആത്മഹത്യാമുനമ്പിൽനിന്ന്
തലനാരിഴ വ്യത്യാസത്തിൽ
ആയുസ്സ് വലിച്ചുനീട്ടാൻ
വിധിക്കപ്പെട്ടവരുടെ
ഹൃദയങ്ങളിലേക്കിറങ്ങിനോക്കണം.

നേർത്ത വെളിച്ചത്തിലും
തെളിഞ്ഞുകാണാനാവും,
പൊട്ടിവീണ കയറിനറ്റത്ത്
നിരാശയുടെയൊരു നാര്
പിടിവിട്ടത്,
ഉള്ളിലേക്കിറങ്ങാത്ത
വിഷത്തുള്ളിയിൽ
കലങ്ങിമറിഞ്ഞ നോവുകൾ
കട്ടപിടിച്ചത്,
അറ്റുപോവാത്ത
ഞരമ്പിലൊരുതുള്ളി
സ്വപ്നങ്ങളുമായി
തിരിഞ്ഞോടിയത്,
പാളംതെറ്റാത്തൊരുവണ്ടി
സമയംതെറ്റിയതിനാൽമാത്രം
തെന്നിമാറിയ സെക്കന്റ് സൂചി
നേരെനിന്നത്...

നിലാവുകളുടെയുറക്കത്തിൽ
നിമിഷാർദ്ധത്തിലണഞ്ഞ
ചിന്തയിലിരുട്ട്
ജയംവരിച്ചതിൽപ്പിന്നെ
ഇറങ്ങിത്തിരിച്ചതാവണം,

നീട്ടിക്കിട്ടിയ ജീവിതത്തെ
നാളുകളകലേക്ക് കൈപ്പിടിക്കണമെന്നും,
നിമിഷങ്ങളൊന്നിലുമിനിയും
വെളിച്ചമണയ്ക്കരുതെന്നും
തേട്ടമുയരുന്നത്
പതിഞ്ഞുകേൾക്കാം.

ഉള്ളറയിലേക്ക്
ഒരിക്കൽക്കൂടി മെല്ലെ
ചെവിയോർത്തുനോക്കൂ,
നിശ്ശബ്ദമായൊരാകാശം
മിടിപ്പുബാക്കിയാക്കിയതിന്റെ
മുഴക്കം കേൾക്കുമപ്പോൾ...



# കാട്



ഉറക്കറയില്
ഉടലുപറ്റിയ ഇരുളെല്ലാം തൂത്തെറിഞ്ഞ്
കാട്ടരുവിയെ അരയിൽച്ചുറ്റി
മേഘക്കെട്ടുകൊണ്ട് മുലക്കണ്ണും മറച്ച്
കാട്ടുക്കുറത്തി
മലയടിവാരത്തിലിരുന്ന് മുറുക്കിച്ചുവന്നു.
മഴക്കോളു കണ്ടവൾ പിറുപിറുത്തു.
പൂഞ്ചോലയെടുത്ത് നാഭിയിലുമൊളിപ്പിച്ചു.
തുടിക്കും തടാകങ്ങളെ നിഴൽ വട്ടത്തിലൊതുക്കി.
മേഘമരണങ്ങളെകുറിച്ചു വേവലാതിപൂണ്ടു.
വിരഹത്തിന്റെ ശാപനിമിഷങ്ങളിലേക്ക്
ഇനിയൊരു തിരിച്ചുപോക്കില്ലെന്നു മൊഴിഞ്ഞ്
താഴ്‌വരക ളിലെ പുൽക്കൊടികളുമുണർന്നു.
അനന്തരം
പ്രണയ കല്ലറകൾ മുറിപ്പെട്ടു.
മോക്ഷം കിട്ടാതെ ഇരുളുമൂടിയ ആത്മാക്കളെല്ലാം
അവളിടങ്ങളിൽ പുനർജ്ജനിച്ചു.

കുന്നിൻമുകളിൽ വെച്ച അവളുടെ പരാതിയുള്ള ഹൃദയത്തെ
സൂര്യൻ ആരുമറിയാതെ ചുംബിച്ചെടുത്തു.


അന്നായിരുന്നു,
അവൻ
വിരുന്നുവന്നതും
കാടായകാടെല്ലാം വെളുത്തതും.

ഉറവപൊട്ടി
ഉടലുപൂത്ത കുറവൻ കാറ്റാടി മരങ്ങൾക്കൊപ്പം
മുരണ്ട് പ്രണയപാപങ്ങളുടെ മോക്ഷവും മുക്തിയും യാചിച്ചു.

പ്രണയവും
മൂർച്ഛയും സങ്കീർണ്ണതയുടെ തുലനമാണെന്ന്
തരിശുനിലങ്ങളുടെ താഴികക്കുടങ്ങളായ
ഗിരിശൃംഗങ്ങൾ ഉറക്കെ വിളിച്ചു പറഞ്ഞു.

വണ്ടുകളോ
അതോ
പതംഗങ്ങളോ,
പൂച്ചുണ്ടുകളെ ചുംബിച്ചെടുക്കേണ്ടതെന്ന
നിയമാവലിയിൽ ഉത്തരം കിട്ടാതെ
കാടൊരു കാട്ടുവള്ളിയിൽ കുരുങ്ങിക്കിടന്നതും
നാടായനാടെല്ലാമറിഞ്ഞു,
കുറത്തി
കുറവനൊപ്പം കാടിറങ്ങിയെന്ന്!

അന്നാണത്രെ
മാനം
വെളുപ്പിന്റെ കഥ പറഞ്ഞത്!
കറുപ്പിന്റെയും



ഷഫീന സൈത്തൂൻ

# ഉൾച്ചൂര്





ശ്രീജ വിജയൻ

ഞാനറിയുന്ന,
അധീനതയിലുള്ള ,
ഏക ആൾ ഞാൻ മാത്രമാണ്.
അജ്ഞാതമായൊരു മേഘശകലം .
സ്നേഹത്തിന്റെ ,
ദ്വേഷത്തിന്റെ ,
ഭാവനയുടെ,
ചിതറിത്തെറിച്ചു പോകലിൽ,
ബാക്കിയായത്.
വെയിലിൻ ഭാവ പകർച്ചകളിലും,
ഇരുളിടങ്ങൾക്കകലെയും
സ്വത്വം കണ്ടെത്തിയത്.
അഭൗമമായിയൊന്നുമില്ലതിൽ .

ആരും സഞ്ചരിക്കാത്ത
മനോ വീഥികളിലുലാത്തി
തന്നിലെ തന്നെയൊന്ന്
ആകർഷകമാക്കണം
ജലച്ഛായം ഇടകലരും പോലെ
കടും നിറം പൊലിപ്പിക്കണം.
ഉള്ളിലെ അഗാധതയിൽ
ഉരുകൊണ്ട തേങ്ങലിനെ
ഭീതിദനിശബ്ദതയിലുരച്ചു
ചേർക്കണം.
നീലത്തടാകത്തിലെ,
ഓളങ്ങൾ പോലെ
വാക്കുകൾ വലയം തീർക്കണം.
ജീവിതത്തെ പകർത്തണം
മിന്നലാകുന്ന അക്ഷരങ്ങളാൽ -
കരുണയെ
വിരക്തിയെ
ഭാരമില്ലായ്മയെ
വരച്ചിടണം.

# നമ്മൾ വഴിപിരിഞ്ഞതിനു ശേഷം





ഹാജറ കെ.എം.

നമ്മൾ പിരിഞ്ഞതിനു ശേഷം
പിന്നെ എന്നിലൊരു വസന്തവും
പൂവണിഞ്ഞിട്ടില്ലെന്ന്
അറിയുമോ?

ഞാനൊരോളമായ് അങ്ങനെയങ്ങ്
നട്ടം തിരിയുകയായിരുന്നു
ചുറ്റോടു ചുറ്റിലും തീർത്ത മതിലുകൾക്കിടയിൽ
കിടന്ന് ഞാൻ നിന്നെ- ഓർമിക്കുന്നുണ്ടായിരുന്നു

ജോലികൾ
കടമകൾ

ത്യാഗങ്ങൾ
അങ്ങനെയെന്തെല്ലാം പ്രഹസനങ്ങളിൽക്കൂടിയാണ്
ഞാൻ
നടന്നത്

അതിനിടയിലൊക്കെ
ചിതറി വീഴുന്ന സമയം പെറുക്കിയെടുത്തു കൊണ്ടു
ഞാനോടി നിന്റെയടുത്തെത്തും

നിന്നെ എന്നിലേയ്ക്കെടുത്തിട്ട്
ഞാനൊരു പുഴയാവും
നീ തന്ന ചുംബനത്തിന്റെ
മധുരമെന്നെ
ചിരിച്ചു കൊണ്ടു കരയിപ്പിക്കും

ഓട്ടത്തിനിടയിൽ
ഇടയ്ക്കൊക്കെ
ഒരു നഷ്ടബോധത്തിന്റെ കനൽച്ചൂട്
വന്നെന്നെ കുത്തും
നിങ്ങൾക്കൊരുമിച്ചു കൂടായിരുന്നുവോ
എന്നെന്നെ പൊള്ളിക്കും.....

വാക്കുകൾ നഷ്ടപ്പെട്ടൊരു നിർജ്ജീവിയായി
ഞാനനന്തതയിലേയ്ക്ക് തുറിച്ചു നോക്കും...

നീയും ഇങ്ങനെയൊക്കെ യായിരുന്നില്ലേ......
അതോ ഞാൻ മരിച്ചു
ജീവിക്കുമ്പോൾ
നീ ജീവിച്ചു മരിക്കുകയായിരുന്നുവോ?

ഒന്നു പറയട്ടെ
ഇപ്പോൾ ഞാനൊരു ശൂന്യതയാണ് '
ഒട്ടേറെ ചർച്ച ചെയ്യപ്പെടുന്ന
ഒരവശിഷ്ടം .....
ആവശ്യക്കാരെല്ലാം പോയിക്കഴിഞ്ഞിരിക്കുന്നു
ഞാനൊരനാവശ്യമായിരിക്കുന്നു.
നീയോ?
നീയും അങ്ങനെയൊക്കെയല്ലേ ......?
നികത്താൻ ഒരു പുഴ നമുക്കിടയിൽ
ഇനിയും ബാക്കിയില്ലേ?
ഈ കണ്ണു നീരിലും അതാണെന്റെ പുഞ്ചിരി



# അമ്മയെന്ന വീട്



അനിതാദേവി, വേലന്താവളം

'**മോ**നെ... അമ്മയെ നീയൊന്ന് കടൽ കാണിക്കാൻ കൊണ്ട് പോകാമോ...?'

'അതിനമ്മയ്ക്കു കടൽ പേടിയല്ലേ....?'

'എന്റെ മോന്റെ കൈ പിടിച്ച് കടലിലിറങ്ങാൻ എനിയ്ക്ക് പേടിയില്ല....', അമ്മ പറയും.

ജീവിതത്തിൽ അമ്മ ആകെ പറഞ്ഞിട്ടുള്ള ഒരേയൊരാഗ്രഹം, അത് ഇത് വരെ സാധിപ്പിച്ചിട്ടുണ്ടായിരുന്നില്ല.

കഴിഞ്ഞ മാസം കുടുംബശ്രീ അംഗങ്ങൾ പോയപ്പോഴും, 'എന്നെ എന്റെ മോൻ കൊണ്ടുപോകും' എന്നും പറഞ്ഞ് മാറിനിന്നു വത്രെ.

ഇന്ന്, അമ്മയെ നെഞ്ചോട് ചേർത്ത് കടൽത്തീരത്തേക്ക് നടക്കുമ്പോൾ, കണ്ണിലെ തിരയിളക്കത്തിൽ ചുറ്റും ഉള്ളവരെ അയാൾക്ക് കാണാൻ സാധിക്കുന്നില്ലായിരുന്നു. ഓർമ്മകളിലപ്പോൾ കുട്ടിക്കാലത്ത് കടൽ കാണാൻ വന്ന് അച്ഛന്റെ കൈപ്പിടിച്ച് താൻ തിരകളിലേക്കിറങ്ങുമ്പോൾ തീരത്ത് നിന്ന് 'മതീ....മതീ.....' എന്ന് ഒച്ചവയ്ക്കുന്ന അമ്മയുടെ ചിത്രം തെളിഞ്ഞു.

വളർന്നു വലുതായി വേറെ ജീവിതമായി കേരളത്തിന് പുറത്ത് കുടുംബമൊത്ത് താമസം തുടങ്ങിയപ്പോഴാണ് അമ്മ എന്ന സ്നേഹത്തണൽ അയാൾക്ക് മിസ് ചെയ്യാൻ തുടങ്ങിയത്. അച്ഛന്റെ മരണശേഷം അവിവാഹിതയായ അകന്ന ബന്ധത്തിലുള്ള ഒരു സ്ത്രീയാണ് നാട്ടിലെ പഴയ വീട്ടിൽ അമ്മയ്ക്ക് കൂട്ട്. തിരക്കുകളിൽ നിന്നും വല്ലപ്പോഴും അയാൾ ഓടിയെത്തുമ്പോൾ ആ വീട്ടിലൊരു ഉത്സവമൊരുക്കും, അമ്മ.

പനി ആയി അമ്മ ആശുപത്രിയിൽ അഡ്മിറ്റ് ആണെന്നറിഞ്ഞ് രണ്ടു ദിവസം കഴിഞ്ഞാണ് ലീവെടുത്ത് നാട്ടിലേക്കു തിരിച്ചത്. ധൃതിപിടിച്ച് വരേണ്ടെന്ന് അമ്മയും പറഞ്ഞിരുന്നു. വരുമ്പോഴെ മനസ്സിലുറപ്പിച്ചിരുന്നു, പനി മാറിയിട്ട് തീർച്ചയായും കടൽ കാണിക്കാൻ കൊണ്ടുപോകണമെന്ന്.

അരയ്ക്കു മുകളിലേക്ക് വിരൽ നീട്ടി തൊട്ട് തിരകളയാളെ ചിന്തയിൽ നിന്നുണർത്തി.

'മതീ..മതീ അവിടെ നിൽക്കൂ.....' കരയിൽ നിന്നും ഒരു ശബ്ദം കാതിലെത്തി.

'ഇനി വടക്കോട്ട് തിരിഞ്ഞ് നിന്ന് കുടം തലയ്ക്ക് മുകളിലൂടെ പുറകിലേയ്ക്കിട്ട് തിരിഞ്ഞു നോക്കാതെ മുങ്ങി നിവർന്ന് കയറിപ്പോരൂ'

പരികർമ്മി പറഞ്ഞത് ഒരു യന്ത്രം കണക്കെ അനുസരിച്ച് തിരികെ നടക്കുമ്പോൾ അയാൾ തിരിച്ചറിയുകയായിരുന്നു, കടൽത്തിരകൾ ഏറ്റുവാങ്ങിയത് ചിതാഭസ്മമല്ല.... തന്റെ വീടിനെയാണ്...!

അമ്മയെന്ന സ്വർഗ്ഗവീടിനെ...

# തിരഞ്ഞെടുപ്പുകൾ



ജബീറ

നിങ്ങൾ
എന്റെ
നക്ഷത്രങ്ങളെ
ഓരോന്നായി എറിഞ്ഞിട്ടു,

എന്നിട്ടും ഞാൻ
എന്റെ ചൂണ്ടുവിരലറ്റത്ത്
ഒരു വയലറ്റുപൂവണിയുന്നത്
സ്വപ്നം കാണുന്നു,

എന്റെ രാജ്യത്തോളം
പഴക്കമുള്ള സ്വപ്നം.

സത്യമുറങ്ങുന്ന ഈ മണ്ണിനെ
തിരികെപിടിക്കുംവരെ
തുടരും ഈ സ്വപ്നം.
എന്റെ
സ്വപ്നങ്ങൾ തന്നെയാണ്
എന്റെ
തിരഞ്ഞെടുപ്പും.

ചരിത്രത്തിനുമുകളിൽ
ചിലർ പുല്ല് വളർത്തുന്നത്
തങ്ങളുടെ കാലികൾക്കു വേണ്ടിയാണെന്ന
റിയുന്നു.



മണ്ണടരുകൾക്കിടയിൽ
അശുദ്ധമാകാത്ത
ജീവജലം തേടിയുള്ള
ഈ യാത്ര
ഒരിക്കലും
 പ്രാചീനശിലായുഗം
ലക്ഷ്യമാക്കിയല്ല,
അത് വെളിച്ചത്താൽ
വിശുദ്ധമാക്കപ്പെട്ട
അക്ഷരലോകത്തിലേക്ക്
തന്നെയാണ്.

വിധി,
അത്
പൂർവ്വനിശ്ചിതമല്ല,
അത്
നമ്മുടെകൂടി
തീരുമാനങ്ങളാണ്.

കവിത

# മരിച്ചവർ സംസാരിച്ചാൽ......!



ജീവിച്ചിരിക്കുന്നവർക്ക്
മനസ്സിലാകുമെങ്കിൽ
മരിച്ചവർ പറയുന്നത്
കേൾക്കാമായിരുന്നു
എങ്ങിനെയാണ് മരിച്ചതെന്ന്
അറിയാമായിരുന്നു
പൊള്ളുന്ന വാക്കുകളിൽ
പിടയാമായിരുന്നു

ഒരു തുള്ളി വെള്ളം കിട്ടാതെ
ഒരു നേരത്തെ അന്നം കിട്ടാതെ,
ഏകാന്ത തടവറയിലിട്ട്,
ഒടുങ്ങാത്ത വേദനകൾ തിന്ന്,
കരയുന്ന കുഞ്ഞിനെ പാലൂട്ടുമ്പോൾ
ഒരു ബോംബിൻചീളായ്.

റോഡിലൂടെ നടന്നുപോകുമ്പോൾ
പിച്ചിച്ചീന്തി,
കത്തുന്ന തീയിൽ കൈക്കലയായി,
ബാരക്കിലെ തറയിൽ ചോരച്ചാലായ്,
കൂടെ നടക്കുന്നവരുടെ കഠാര മുനയാൽ.

വിരാമങ്ങളുടെ വിരസതയില്ലാതെ
അറിയാമായിരുന്നു
വാക്കുകൾ പോലുമില്ലാതെ
കേൾക്കാമായിരുന്നു




രാജു കാഞ്ഞിരങ്ങാട്

# സസ്യം



ബി ജോസുകുട്ടി

ജീവിതത്തിന്റെ ബോട്ടാണിക്കൽ നാമം
സസ്യം എന്നാകുമ്പോൾ പ്രകാശ സംശ്ലേഷണത്തിന്റെ
രസതന്ത്രം ഹരിത പത്രങ്ങളുടെ സൂത്രവാക്യമാകും.
വേറിട്ടു നിൽക്കുന്ന വേരുകളും അച്ചുതണ്ടിൽ
ചുറ്റിവളരുന്ന തണ്ടും ജലപ്പച്ചയിൽ മുങ്ങിയ
ഇലജാലവും വസന്ത പരാഗണത്തിന്റെ പുഷ്പജാലവും
കാലം നോറ്റ കായ്ഫലവും സസ്യാസ്തിത്വത്തിന്റെ
ആത്മാവിനെ പ്രകാശിപ്പിക്കുന്നു.
സസ്യത്തിന്റെ രഹസ്യക്രിയകൾ
ചരിത്രലിഖിതങ്ങളാകുമ്പോൾ ജീവിതത്തിൽ
വേരുകളാഴ്ത്തി പുത്തൻ സ്പീഷിസിന്റെ
ജനിതക ജാതകമെഴുതി സയൻസ് ജേർണലിൽ
പുതിയ അധ്യായമാകും.
മണ്ണിലും വിണ്ണിലും വേരുകൾ തേരോട്ടം
നടത്തുമ്പോൾ ശാഖകൾ പടരുന്നത്
സൗരയൂഥ പാതയിലാകും.
ന്യൂക്ലിയസിന്റെ നൂതനവഴികളിൽ
രഹസ്യ രാസകേളിയൊരുങ്ങും.
സസ്യം കേവലമൊരു ജാലമല്ല.
ജനിതക വിത്തുകളുടെ
വേദനയുള്ള വേദാന്തമാണ്.
ഭ്രൂണതയുടെ കോശങ്ങൾ നസ്യം ചെയ്ത്
ഉണർത്തുന്ന ജൈവ സസ്യമാണ്.



# ഉണർവ്വ്



ഡോ. രമ്യരാജ്

അങ്ങു ദൂരെ
വായ്ത്താരികൾക്കും കാലൊച്ചകൾക്കും
അക്കരെ
കിളിയൊച്ചകൾക്ക് കാതോർത്ത്
തുളുമ്പുന്ന നിലവിനെയെടുത്തുമ്മ വച്ച്
വരാനിരിക്കുന്ന വസന്തത്തിന്റെ
പൂമണത്തിനായി
സർവ്വ രന്ധ്രങ്ങളും തുറന്നു വച്ച്
കാലങ്ങളായ് കാവലിരിക്കുന്ന
ആത്മാക്കളുണ്ടെന്നു സങ്കൽപ്പിച്ച്
ഒരിക്കലും നടന്നിട്ടില്ലാത്ത കൈവഴികളെ ഈറനണിയിച്ച്
മഴയില്ലാതെ നനഞ്ഞ്
വല്ലാതെ വേദനിച്ചപ്പോൾ മാത്രം
തിരിഞ്ഞു നോക്കി
ഉടയാട തിരികെയേൽപ്പിച്ച്
സ്വയം നഗ്നയായ
പകലിന്റെ നാണത്തെപ്പറ്റി ആശങ്കപ്പെട്ട്
വിട പറയാതെ പിരിഞ്ഞ
മിന്നാമിനുങ്ങുകളെ കണ്ണുകളിലുറക്കി
ഞങ്ങൾ
ഉണർവിന്റെ പച്ച തൊട്ടുകൊണ്ടേയിരുന്നു....

# മരണത്തിന് തൊട്ടുമുൻപുള്ള നിമിഷം

കവിത



നിബിൻ കള്ളിക്കാട്



മരണത്തിന്റെ
തൊട്ടുമുൻപുള്ള
നിമിഷത്തിൽ ...

നമുക്കിടയിൽ
പാഞ്ഞുപോകുന്ന
തീവണ്ടിയിൽ
നമ്മൾ ചിതറി തെറിക്കും
മുൻപ് നാം നട്ടു വളർത്തിയ
ചിത്തഭ്രമത്തിന്റെ
പൂക്കളുടെ വസന്തത്തിൽ ,

അനാഥർക്കുള്ള
സമയമോടുന്ന
ഘടികാരത്തിന്റെ
സൂചികളാണ് നമ്മൾ ...

നമുക്കുമുൻപിൽ
സ്വപ്നങ്ങൾ
വിൽക്കാൻ
വച്ചനഗരങ്ങളും
തിരക്കുകളുമറിയാതെ
നമുക്കിടയിലൂടെ
ചെറിയ സ്വപ്നങ്ങളുടെ
അരുവികൾ
ഒഴുകിക്കൊണ്ടിരിക്കുന്നു

തിങ്ങിഞെരുങ്ങിയ
മൗനഭാഷകളും
രഹസ്യങ്ങളും
കാത്തിരിപ്പിന്റെ
പെരും മഴയിൽ
അലിഞ്ഞുപോകാതെ

തെരുവിന്റെ
മുറിവുകളിൽ
കൂടൊരുക്കുന്ന
കുടിലുകളിൽ നമ്മൾ
സ്വർഗ്ഗത്തിന്റെ
വേരുകളുറപ്പിച്ചു

ആയുസ്സിന്റെ
ബോഗികളിലുള്ള
ജീവിതത്തിന്റെ
തീവണ്ടികൾക്കായി
അപകടവളവുകളിൽ
നാമന്യം കൈചേർത്തു
നടക്കുന്നു ..

ഒടുവിലൊരു
അനർഘനിമിഷത്തിന്റെ
മാസ്മരികതയിൽ
നാം പരസ്പരമെന്തോ
പറഞ്ഞിരുന്നു ...

സ്വപ്നങ്ങളെല്ലാം
കവർന്നെടുക്കുന്ന
നിന്റെ അർബുദത്തിന്റെ
പൊള്ളുന്ന വേനലിൽ

പുണർന്നുപോയതിന്റെ
വേരുകൾ മുറുക്കുന്ന
പ്രണയത്തിൽ
ഓരോ നിമിഷത്തിലും
കണ്ണിലൊരു കടലും
കനവിൽ ഭീതിയുമായി
ജന്മാന്തരങ്ങളെല്ലാം
മൂടിയുറഞ്ഞുപോയ
നിരാശയുടെ
അമാവാസിയിൽ

നിന്റെ പുഞ്ചിരിയിലാണ്
നിത്യപൗർണമി....
പിന്നെയോരോ നിമിഷവും
സ്വപ്നസ്വർഗ്ഗമാണ്....

വരൂ......
കാലത്തിനു മുൻപ്
നമുക്കല്പം നടക്കാം
ഈ പാളങ്ങളിലൂടെ
കൈചേർത്തങ്ങനെ....

മുന്നിലുള്ള
കറുത്തവെളിച്ചത്തിൽ
ചൂളം വിളിച്ചെത്തുന്ന
മരണമാണ്
എനിക്കിനി ജീവിതം.....!

എനിക്കും......
അല്ലെങ്കിലും
നമ്മൾ സ്വപ്നം കണ്ടത്
അതുവരെയാണ്....
അതുവരെ മാത്രം

മരണത്തിനു
തൊട്ടുമുൻപുള്ള
ആ രഹസ്യത്തിൽ
നമുക്കിനിയൊരുമിച്ചു
നിമിഷങ്ങളിലൂടെ
ചുംബിക്കാം ....

അല്ലെങ്കിലും നമ്മുടെ
സ്വപ്നങ്ങൾ
മരണത്തിന്റെ മഴയിലാണ്
പൊട്ടി മുളയ്ക്കുന്നത് ....!

മരണത്തിനു തൊട്ടു
മുൻപുള്ളയോരോ
നിമിഷത്തിലും നാം
തണുത്തു നീറവേ പോലും
ഭീതിയുടതിർത്തികൾ
മുറിച്ചു നടക്കണം ....

മുന്നിലേക്കുള്ള
പാതയിൽ പാഞ്ഞു വരുന്ന
മരണത്തിനായന്യം
പുണരുമ്പോൾ ..

നീ ചോദിച്ചുവോ
പറയൂ....
എന്താണാ രഹസ്യം,?

ഞാൻ നിന്നെയത്രമേൽ
സ്നേഹിക്കുന്നു....!

മരണത്തിനു തൊട്ടു
മുൻപുള്ള നിമിഷത്തിൽ
എനിക്കുചുറ്റുമൊരു
നിത്യപൗർണമി ,
കണ്ണുകളടയും വരെ
നിന്റെ മിഴിക്കടലിൽ
പിറക്കാതെപോയൊരു
ജീവിതത്തിന്റെ ആഴം ...!

കവിത

# നാട്ടുമൃഗം



രാജീകൃഷ്ണ



പതിവില്ലാതെ,
കാടിനെ സ്വപ്നം കണ്ടിട്ടാണ്
ഉറങ്ങിയത്.
ചീവീടുകളാണ്
ഉണർത്തിയത്.
കടും നിറത്തിലുള്ള കാട്.
കാട്ടിലൂടെയാണ്
വീട്ടിലേക്കുള്ള ഒറ്റ വഴി.
സന്ധ്യയിൽ
വീടിന്റെ പിന്നിലായി
ഒരു നിഴൽ.
ഇരുൾ പൊതിഞ്ഞു.
രാത്രിയായി.
നിലാവിൽ
മുറ്റത്ത് ഒരു കാട്ടുമൃഗം
മുഖാമുഖം നിൽക്കുന്നു.
കൂട്ടിന് പേരിനെങ്കിലും
ഒരു മനുഷ്യനെ അന്വേഷിച്ചു.
അടുത്ത്
വീടുകളിലൊന്നും
ആരുമുറങ്ങുന്നില്ല,
ഉണരുന്നുമില്ല.
പേടി ആനയോളം വലിപ്പത്തിൽ.
ഞാൻ കണ്ടു,
മരിച്ച മരങ്ങളുടെയും
കൊന്ന മൃഗങ്ങളുടെയും
നിഴൽ.
വീടുകൾക്കുള്ളിൽ
കാടിന്റെ വിത്തുകൾ പൊട്ടി
പടർന്ന് പന്തലിക്കുന്നു.
തലയിലെ
കൊമ്പുകൾ അഴിച്ചുവച്ച്
ഞാൻ വീടിറങ്ങുന്നു.

കവിത

# ശ്യാമാംബരം

അന്തിച്ചുവപ്പിന്റെ ചുടുചുംബനത്തിൽ
ഉലഞ്ഞു പൂക്കുന്നു പുഴയും,കിനാവും
കൈകോർത്തിരിക്കുന്നു നിഴലും,നിലാവും
വാരിപ്പുണരുന്നു തീരവും,തിരയും

ഈറനുടുക്കുന്നു മൂവന്തിച്ചേലിൽ
നക്ഷത്രദീപങ്ങൾ തിരി തെളിയ്ക്കുന്നു
പകൽക്കിളി തട്ടിമറിച്ചൊരു കുങ്കുമ-
ചെപ്പിനാൽ പട്ടുടുത്തീടുന്നു വാനം.

ഇറ്റുവീഴുന്നൊരു കുമ്പിൾ നിലാവ്
വീഴുന്നു മേഘങ്ങൾ താഴ്‌വാരമാകെ
ഇലച്ചാർത്തിലൂടൊരു ശ്യാമാംബരത്തുണ്ട്
വീഴുന്നു മുറ്റത്ത്, പാടുന്നു പൂക്കളും

പതിവുപോൽ തിരയുന്നു മലകളെ,
വെയിൽ തിന്ന മേഘങ്ങൾ, ദാഹമകറ്റാൻ
കാറ്റിൽ പകച്ചൊരു കളിമൺചിരാതിതാ
പതറി അണയുന്നു, നാമം ജപിക്കുന്നു.

മുങ്ങി നിവർന്നിതാ ശംഖുപുഷ്പങ്ങൾ
പൂമണം തൂകുന്നു വേലിപ്പടർപ്പിൽ
അമ്പിളി വാരിപ്പുണരുന്നു രാവിനെ
നാണത്താൽ ഋതുമതിയാകുന്നു ഭൂമി.


എരിയുന്നു പകലിന്റെ ചിത മെല്ലെ,ശാന്തമായ്
ചായുന്നു,പകലോൻ കടലാഴങ്ങളിൽ
ക്ഷണികമാം ജീവിത വറുതിയിൽ നിന്നിതാ
ആത്മലയത്തിന്റെ നിർവൃതി തേടുന്നു.



ശ്രീജ വാരിയർ



# അവിശുദ്ധം





നിത്യലക്ഷ്മി

അവൻ അവസാനമായി നോക്കിച്ചിരിച്ചത് ഇന്നും ഓർമയുണ്ട്. അന്നെന്റെ കണ്ണുകൾ നിറഞ്ഞു. ഞങ്ങളുടെ പ്രണയമറിഞ്ഞ് വീട്ടുകാർ വന്ന് പിടിച്ചു കൊണ്ട് പോയതായിരുന്നു അവനെ. എന്റെ കണ്ണുകൾ കലങ്ങി മറിയുന്നത് അവന് കാണാമായിരുന്നു. എങ്കിലും ഞങ്ങൾക്കൊന്നും ചെയ്യാനില്ലായിരുന്നു. ഒന്നിച്ച് നടന്നത് മുതൽ എല്ലാം ഞാൻ ഓരോ ദിവസവും ഓർത്തുകൊണ്ടേയിരുന്നു. ആദ്യ പ്രണയം! എത്ര മായ്ച്ചാലും മനസ്സിൽ നിന്ന് പോകാത്ത ഒരേയൊരു മധുരവികാരം. എന്റെ ചുണ്ടും കവിളും തുടുത്തു. ഒന്നുകൂടെ അവനെ ചുംബിക്കുവാൻ ഞാൻ വെമ്പൽ കൊണ്ടു. ഓരോ ദിവസവും മറക്കുവാൻ കൊതിക്കുമ്പോഴും മറന്ന് പോകരുതേയെന്ന് ഈ പ്രപഞ്ചം നിയന്ത്രിക്കുന്ന ശക്തിയോട് ഞാൻ കെഞ്ചി.

അവൻ പോകാൻ നേരം, നിന്റെ പേരെഴുതി വച്ച് ഞാൻ മരിക്കുമെന്ന് പറഞ്ഞു ഭീഷണിപ്പെടുത്താത്തതിൽ എനിക്കിപ്പോൾ ദുഃഖമുണ്ട്. അവനെ കൊണ്ടുപോയാൽ നിങ്ങളെ ഞാൻ കോടതി കയറ്റുമെന്ന് അവന്റെ വീട്ടുകാരോട് പറയാനുള്ള ധൈര്യം കാണിക്കാത്തതിൽ എനിക്കിപ്പോൾ എന്നോട് തന്നെ പുച്ഛം തോന്നുന്നുണ്ട്.

ഞാൻ പതുക്കെ കണ്ണുകൾ അടച്ചു. ഉള്ളിലപ്പോൾ തെളിഞ്ഞു വന്നത്, കാടും മലയും കടന്ന് ഞങ്ങൾ ആദ്യമായി യാത്ര പോയ ആ ദിവസമാണ്. സൂര്യനപ്പോൾ ആളിക്കത്തുന്ന ജ്വാലയുടേത് പോലത്തെ നല്ല സ്വർണ നിറമായിരുന്നു. ഞാൻ അവന്റെ ശരീരത്തിനോട് ചേർന്നിരുന്നു. ഇണ ചേരാൻ വെമ്പൽ കൊള്ളുന്ന കുരുവിയുടേത് പോലുള്ള ചേർന്നിരിക്കലായിരുന്നു അതെന്ന് പറഞ്ഞാലും തെറ്റൊന്നുമില്ല. ഞാൻ ശരിക്കും അത് കൊതിച്ചിരുന്നു. അവന്റെയുള്ളിലും അങ്ങനെ തന്നെയായിരുന്നുവെന്ന് എനിക്കറിയാം. ഇടയ്ക്കെപ്പോഴോ അവൻ പറഞ്ഞു, 'തളർന്നു.'

ഞാൻ പെട്ടന്ന് ഒന്നുമോർക്കാതെ ബുള്ളറ്റിന്റെ കീ കൈയിൽ വാങ്ങി.

സ്റ്റാർട്ട് ചെയ്യുമ്പോൾ അവൻ കണ്ണും മിഴിച്ച് നിന്നിരുന്നത് ഇപ്പോഴും എന്റെയുള്ളിലെ, ചിത്രങ്ങൾ നിറഞ്ഞ ഡയറിക്കെട്ടുകളിൽ തെളിഞ്ഞു കാണാം.

ഹിൽ സ്റ്റേഷനിലെ ഗസ്റ്റ് ഹൗസിൽ എത്തുമ്പോഴേക്ക് അവൻ തളർന്ന്, എന്റെ അരയിൽ ചുറ്റിപ്പിടിച്ച് ഉറങ്ങിക്കഴിഞ്ഞിരുന്നു. പുറത്തു നിന്ന് വരുത്തിച്ച ഭക്ഷണം വിളമ്പി വച്ച് ഞാൻ അവന്റെ ഉറക്കവും നോക്കി അങ്ങനെയിരുന്നു. കണ്ണുതുറക്കുമ്പോൾ, എന്റെ ഇമ വെട്ടാതെയുള്ള നോട്ടം കണ്ട് അവന്റെ വികാരങ്ങളുണർന്നു.

അന്ന് ആ മെഴുകുതിരി വെട്ടത്തിൽ ഞങ്ങൾ ഒന്ന് ചേർന്നു. ഇരു വസ്ത്രങ്ങളും കട്ടിലിന് ചുവട്ടിൽ ഇണ ചേർന്ന പാമ്പുകളെപ്പോലെ കെട്ടുപിണഞ്ഞ് കിടന്നു. ഇരുനെടുവീർപ്പുകളും ഒരുമിച്ച് ഉയർന്നു താഴ്ന്നു. രണ്ട് ചുണ്ടുകളും ചുംബനങ്ങളാൽ കൂട്ടിമുട്ടി. ഓർമകൾ മറഞ്ഞു. കണ്ണുകൾ അടഞ്ഞു.

കണ്ണ് തുറക്കുമ്പോൾ, നഗ്നമായ ഇരു

ശരീരങ്ങൾ ഒരേ പുതപ്പിനുള്ളിൽ ചുരുണ്ടു കിടക്കുകയായിരുന്നു. ഞാൻ ഊർന്നു വന്ന വിയർപ്പുതുള്ളികൾ തുടച്ചു കൊണ്ട്, ഒരു പുഞ്ചിരിയുടെ അലിവോടെ അവനിലേക്ക് ചേർന്നു കിടന്നു.

എല്ലാം ഇന്നലെ കഴിഞ്ഞ പോലെ! ഞാൻ കണ്ണുതുടച്ചു കൊണ്ടാണ് പുതിയ പുലരിയിലേക്ക് കണ്ണുതുറന്നത്. കണ്ണീരിന് പിന്നിൽ ഇന്നലെ അവനെ വീണ്ടും കണ്ടുവെന്നത് തന്നെ കാര്യം! അവൻ പുതുപ്പെണ്ണിനെയും കൊണ്ട് ബുള്ളറ്റിൽ കറങ്ങാനിറങ്ങിയതായിരുന്നു. ഞാനിരുന്ന അതേ ഇടം! ഞാൻ ചുറ്റിപ്പിടിച്ചിരുന്നത് പോലെയുള്ള അതേ ഇരുത്തം! എന്റെ കണ്ണുകൾ നിറയാൻ വേറെന്തു വേണം കാര്യം. ഏറെ നേരം, ടൗണിലെ പലഹാരക്കടയിൽ ചായ കുടിച്ചിരുന്ന അവരെ ഞാൻ അസൂയയോടെയും സങ്കടത്തോടെയും, മറഞ്ഞ് നിന്ന് നോക്കി.



എന്റെ നാലു വയസുകാരൻ മകൻ പിന്നിൽ നിന്ന് ഓടി വന്ന് കെട്ടിപ്പിടിച്ചപ്പോൾ ഞാൻ കണ്ണുകൾ തുടച്ചു. ചെറിയ ചിരി വരുത്തി, അവനെയും കൊഞ്ചിച്ച് ഷോപ്പിങ്ങിന് വന്ന കടയിലേക്ക് ഞാൻ തിരിച്ചു കയറി.

‘അഭിജിത്ത് ഭാര്യയെയും കൂട്ടി ആ വഴി പോയിരുന്നു, അല്ലേ?‘ പിറകിൽ നിന്ന് കേട്ട ശബ്ദം ആരുടേതെന്ന് അറിയാമായിരുന്നതിനാൽ ഞാൻ തിരിഞ്ഞു നോക്കിയില്ല.

‘ഞാൻ കണ്ടു.‘ അത് പറഞ്ഞപ്പോൾ എനിക്കവളെയൊന്ന് കെട്ടിപ്പിടിക്കണമെന്ന് തോന്നി. ആളുകൾ ചുറ്റും നിൽക്കുകയായിരുന്നതിനാൽ അവളെന്റെ കൈയിൽ മുറുക്കെപ്പിടിക്കുക മാത്രം ചെയ്തു. പക്ഷേ, അതിലും ഞാൻ ആശ്വാസം കൊണ്ടു! സമാധാനപ്പെട്ടു! സുഖമായുറങ്ങി!

‘അവനെ മറന്നില്ലെങ്കിൽ പിന്നെ എന്തിന് എന്റെ ജീവിതം നശിപ്പിക്കാൻ ഇങ്ങോട്ട് കയറി വന്നു?‘ ഉറക്കത്തിൽ നിന്നുണർത്തിയ ആ ചോദ്യം എന്നെ സങ്കടപ്പെടുത്തിയില്ല. പലപ്പോഴും ഞാൻ കേൾക്കുന്നത് തന്നെയാണല്ലോ!

‘രാത്രി മുഴുവൻ എന്റെ അഭീ എന്ന് മാത്രമായിരുന്നു വിളി. എന്തെങ്കിലും ഓർമ്മയുണ്ടോ? മനുഷ്യൻ സഹിക്കുന്നതിന് ഒരു പരിധിയുണ്ട്.‘ അതും പറഞ്ഞ് അവൾ അകത്തേക്ക് കയറുമ്പോൾ എനിക്ക് ചിരി വന്നു.

കുറച്ച് കഴിയുമ്പോൾ, 'നിങ്ങളിങ്ങനെ വിഷമിക്കല്ലേ' എന്നും പറഞ്ഞ് വരാനുള്ളൊരു പോക്കാണ് അവൾ കയറിപ്പോയതെന്ന് എനിക്കറിയാം. അതാണ് ഇങ്ങനെയൊരു അവസ്ഥയിലായിരുന്നിട്ടും ഞാൻ ചിരിച്ചു പോയത്. ആദ്യമൊന്നും അവൾക്ക് ഒന്നും മനസിലായിരുന്നില്ല. ഒടുവിൽ ഡോക്ടേഴ്സിനോട് എല്ലാം തുറന്ന് പറഞ്ഞ്, അവരിൽ നിന്ന് കേട്ടറിഞ്ഞ വഴികളുമായി, അവളുടെ വർഷങ്ങളായുള്ള ഒരു കുഞ്ഞെന്ന ആഗ്രഹ സഫലീകരണത്തിന് ഐവിഎഫ് എന്ന സാധ്യത മാത്രമേ മുന്നിലുള്ളൂവെന്ന് പറയുവാൻ ചെല്ലുമ്പോഴാണ് എല്ലാ കാര്യങ്ങളും അവളറിയുന്നത്.

എനിക്കൊരിക്കലും ഒരു സ്ത്രീയോട് ഇണചേരാൻ കഴിയില്ലെന്ന് കേട്ടപ്പോൾ അവൾ പൊട്ടിക്കരഞ്ഞു. അവളുടെ ജീവിതം നശിപ്പിച്ചു കളഞ്ഞ രണ്ട് നീചന്മാരായി അഭിജിത്തും കിഷോറും ആ വീടിന്റെ ചുമരുകളിൽ കിടന്ന് ശാപം ഏറ്റു വാങ്ങി.

എങ്കിലും കുറച്ചു കഴിയുമ്പോൾ കണ്ണു തുടച്ചു കൊണ്ട് അവൾ കേറി വരും. പിന്നെ പതുക്കെ പറയും,

‘നിങ്ങൾ വിഷമിക്കണ്ട. ഞാനുണ്ടല്ലോ കൂടെ.‘

എങ്കിലും ഓർക്കുമ്പോൾ എന്റെയുള്ളിലെ സ്നേഹം മുഴുവനും അവനുള്ളതായി തോന്നും. അവനെക്കുറിച്ചോർക്കുമ്പോൾ വികാരങ്ങൾ നിറയുന്നതായി തോന്നും. വീട്ടുകാരും നാട്ടുകാരും അനുവദിച്ചു തരികയാണെങ്കിൽ മറ്റെന്തിനെയും ഉപേക്ഷിച്ചു കൊണ്ട് അവനൊപ്പം ജീവിക്കുമെന്ന് തോന്നും.

എങ്കിലും എന്റെ ജീനാ.., നിന്നെ ഉപേക്ഷിക്കുവാനും എനിക്കാകില്ലെന്ന് തോന്നും..., നീയെനിക്ക് ആരെന്ന് അറിയില്ലെങ്കിലും...!

ഓർമ്മ

# ഡിറ്റക്ടീവ് മാർക്സിനും ഹാഫ് എ കൊറോണ ചുരുട്ടും പിന്നെ ഞാനും





കൃഷ്ണകുമാർ മാപ്രാണം

**കോ**ട്ടയം പുഷ്പനാഥിന്റെ പുസ്തകങ്ങൾ എന്നെ കുട്ടിക്കാലത്തേയ്ക്കാണ് കൂട്ടികൊണ്ടുപോയത്. കോട്ടയം പുഷ്പനാഥ് എന്ന എഴുത്തുകാരൻ കുറച്ചൊന്നുമല്ല വായനക്കാരെ സ്വാധീനിച്ചിട്ടുള്ളത്. എന്റെ വായനയെ പരിപോഷിപ്പിച്ചതും കോട്ടയം പുഷ്പനാഥിന്റെ ഡിറ്റക്ടിവ് നോവലുകളാണ്.

എഴുപതുകളിലും എൺപതുകളിലും വായനയെ വളരെയേറെ സജീവമാക്കി നിലനിർത്തുന്നതിൽ ഡിറ്റക്ടീവ് നോവലുകൾ വഹിച്ച പങ്ക് വളരെ വലുതാണ്. അന്നിറങ്ങുന്ന ആഴ്ചപ്പതിപ്പുകളിൽ ഓരോ ലക്കത്തിലും അത്തരം നോവലുകൾ അവസാനിച്ചിരുന്നത് അടുത്ത ലക്കത്തിലേക്ക് വായനക്കാരന്റെ മനസ്സിൽ ജിജ്ഞാസ അവശേഷിപ്പിച്ചുകൊണ്ടാണ്. നോവലിന്റെ തുടർവായനയ്ക്ക് വായനക്കാരനെ പ്രേരിപ്പിക്കാൻ തക്ക തരത്തിലുള്ളതായിരുന്നു ഭാഷയും പ്രയോഗങ്ങളും.

വായനയേറെ ഇഷ്ടമുള്ള ഭവനത്തിൽ പിറന്നതുകൊണ്ട് ഓർമ്മ വച്ച നാളിൽ തൊട്ടു പുസ്തകങ്ങൾ വീട്ടിൽ കിടപ്പറയിലെ ചുവരലമാരയിലും അഴിയെറിഞ്ഞ ജനൽപ്പടിയിൽ മേലും മരക്കട്ടിലിലും ട്രങ്കുപെട്ടിയിലും അവിടവിടെയായി കാണപ്പെട്ടിരുന്ന വസ്തുവായിരുന്നു.

ആഴ്ചപ്പതിപ്പുകളും മാസികകളുമൊക്കെ വായിക്കുന്നവർ ഏറെയായിരുന്നു അന്നൊക്കെ.

അയൽപക്കങ്ങളിൽ എവിടെയെങ്കിലും ആരെങ്കിലും വാങ്ങിച്ചാൽ അത് കൈമാറി നാട്ടിലെ ഒരു പാട് വീടുകളിൽ എത്തുമായിരുന്നു.

അക്ഷരഭ്യാസം കുറവാണെങ്കിലും എന്റെ മുത്തശ്ശി അമ്മയെ കൊണ്ടോ അല്ലെങ്കിൽ വീട്ടിൽ വരുന്ന എഴുത്തും വായനയും അറിയുന്നവരെകൊണ്ടോ പുസ്തകങ്ങൾ വായിപ്പിച്ച് രസിച്ചിരുന്നു. അമ്മയും ജ്യേഷ്ഠനുമൊക്കെ വലിയ വായനക്കാരായിരുന്നു. അന്ന് വായന നിത്യ ജീവിതത്തിലെ ഭാഗവുമായിരുന്നു.

സ്ക്കൂളിലെ ഒരു ക്ളാസുമുറിയിലായിരുന്നു നാട്ടിലെ വായനശാല സ്ഥിതിചെയ്തിരുന്നത്. അവിടെ നിന്നുമെടുക്കുന്ന പു

സ്തകങ്ങൾ അതുപോലെ തന്നെ പലവീടുകളിലേക്കും സഞ്ചരിക്കും.

മുതിർന്നവരുടെ ഹോബി വായനയായിരുന്നു . പുസ്തകങ്ങൾ വായനകഴിഞ്ഞശേഷം അത് പലയിടത്തും സഞ്ചരിച്ച് ഒരാഴ്ച കഴിയുമ്പോഴേക്കും തിരിച്ചുകൊടുക്കാൻ സമയമായിട്ടുണ്ടാകും.

പഠനക്കാലത്ത് മറ്റുപുസ്തകങ്ങൾ വായിക്കുന്നതിനു വീട്ടിൽ വിലക്കേർപ്പെടുത്തിയിരുന്നതുകൊണ്ട് ആരും കാണാതെ പാഠപുസ്തകങ്ങൾക്കിടയിൽ വച്ചാണ് ഞാൻ കഥാപുസ്തകങ്ങൾ വായിക്കാറുണ്ടായിരുന്നത്.

പലപ്പോഴും പുസ്തകങ്ങൾ മുഴുവൻ വായിക്കും മുൻപേ അത് പലയിടങ്ങളിലേക്കും പോയി കഴിഞ്ഞിരിക്കും.

പരീക്ഷാകാലങ്ങളിൽ പോലും ആരും കാണാതെ എന്റെ പാഠപുസ്തകങ്ങൾക്കിടയിൽ കുറ്റാന്വേഷണനോവലുകൾ സ്ഥാനം കൈയ്യേറിയിരുന്നു.

എന്റെ വായനയുടെ തുടക്കം പാഠപുസ്തക കഥകളിൽ നിന്നായിരുന്നു. അഞ്ചാം ക്ലാസിൽ വച്ചാണ് മലയാളത്തിനു ഒരു ഉപപാഠപുസ്തകം തുടങ്ങുന്നത്. കെ.വി. രാമനാഥൻ മാസ്റ്ററുടെ കണ്ണുനീർമുത്തുകളായിരുന്നു ആ ക്ളാസിൽ പഠിക്കാനുണ്ടായിരുന്നത്. കൃഷ്ണകുട്ടിയുടെയും അവൻറെ ഭ്രാന്തിയായ അമ്മയുടെയും കഥയായ അതെന്നെ വല്ലാതെ സ്പർശിച്ചു . കഥകളോട് എനിക്ക് പ്രിയമായി. വീട്ടിൽ കൊണ്ടുവരുന്ന പുസ്തകങ്ങൾ മറിച്ചു നോക്കി വായനയിലേക്ക് അടുത്തു.

സ്കൂൾ വെക്കേഷനായാൽ പുസ്തകം വായിക്കുന്നതിന് രണ്ടു മാസം വിലക്കുകൾ ഇല്ല .പുസ്തകം വായിക്കാനായി എന്നും വായനശാലയിലേയ്ക്കുള്ള നടത്തമാണ്.

കോട്ടയം പുഷ്പനാഥിൻറെ ഡിറ്റക്ടീവുകളായ മാർക്സിനും പുഷ്പരാജും പിന്നെ "ഹാഫ് എ കൊറോണ " ചുരുട്ടും വിസ്മയങ്ങളായിരുന്നു അന്ന് .

കോട്ടയം പുഷ്പനാഥിൻറെ കൃതികൾക്ക് വായനക്കാർ ധാരാളമായിരുന്നു. ഞാനും കോട്ടയം പുഷ്പനാഥിന്റെ രചനകളെ തേടിപിടിച്ചു വായിക്കാൻ തുടങ്ങി.

നെപ്പോളിയന്റെ പ്രതിമ

ലണ്ടൻ കൊട്ടാരത്തിലെ രഹസ്യങ്ങൾ ,

ഫറവോൻറെ മരണമുറി , ബ്രഹ്മരക്ഷസ്സ് , ടൊർണാഡോ, ഗന്ധർവ്വയാമം, ദി മർഡർ , നീലക്കണ്ണുകൾ, മോണാലിസയുടെ ഘാതകൻ , ഓവർ ബ്രിഡ്ജ് , ഡെവിൾ, ഡ്രാക്കുളക്കോട്ട, നിഴലില്ലാത്ത മനുഷ്യൻ, ലേഡീസ് ഹോസ്റ്റലിലെ ഭീകരൻ, ഡയൽ 0003, ഡെവിൾസ് കോർണർ , ഡൈനോസറസ് , ലെവൽ ക്രോസ് , ഡ്രാക്കുളയുടെ അങ്കി, ഹിറ്റ്ലറുടെ തലയോട്

വാർഡ് നമ്പർ 9, ചുവന്ന അങ്കി,

ബംഗ്ളാവ് വിൽക്കാനുണ്ട്,പിശാചിന്റെ കോട്ട, ഫ്ളയിംഗ് സോസർ, ലൂസിഫർ, ഹിറ്റ്ലർ വീണ്ടും വരുന്നു

തുടങ്ങീ അദ്ദേഹത്തിൻറെ കിട്ടാവുന്ന മിക്ക രചനകളും ഞാൻ വായിച്ചു.

വായനശാലയിലെ ലൈബ്രേറിയൻ എഴുപതു വയസ്സു പിന്നിട്ട ചില്ലായിൽ മാധവൻമാഷായിരുന്നു. മാധവൻമാഷെ പലർക്കും പേടിയായിരുന്നു. എനിയ്ക്കും. ഇഷ്ടമുള്ള പുസ്തകമെടുക്കാൻ സ്വാതന്ത്ര്യമില്ലായിരുന്നു.

കോട്ടയം പുഷ്പനാഥിന്റെ കുറ്റാന്വേഷണ കൃതികൾ, മുട്ടത്തുവർക്കിയുടെയും കാനം ഈ.ജെയുടേയും ജോർജ് നെല്ലായി, രാജൻ ചിന്നങ്ങത്ത്,പമ്മൻ, വല്ലച്ചിറ മാധവൻ, തോമസ് ടി അമ്പാട്ട്, ബാറ്റൺബോസ് തുടങ്ങിയവരുടെ നോവലുകൾക്കായിരുന്നു വായനക്കാരേറെയും.

ഈ പുസ്തകങ്ങളൊന്നും അലമാരയിലുണ്ടാവില്ല അദ്ദേഹത്തിന്റെ കസ്റ്റഡിയിലാവും ഉണ്ടാവുക. ചോദിച്ചാൽ ഇല്ലെന്നു പറയും . മാഷുടെ തൽപരകക്ഷികൾക്കെ ഈ പുസ്തകങ്ങൾ ആദ്യം കൊടുക്കൂ.

ഇവയൊക്കെ എനിക്കൊക്കെ ലഭിക്കണമെങ്കിൽ ഒരുമാസത്തിനപ്പുറം വരെ കാത്തിരിക്കേണ്ടിവരുമായിരുന്നു.

അദ്ദേഹത്തിന് വയ്യാതായതോടെ അവിചാരിതമായിട്ടാണ് എനിക്കു അവിടുത്തെ ലൈബ്രേറിയനാകേണ്ടി വന്നത്. സ്വർഗം കിട്ടിയ പ്രതീതിയായിരുന്നു. എനിക്ക്. പുസ്തകങ്ങൾ ഇഷ്ടം പോലെ.അതിനിടയിൽ ഞാനും.

എനിക്കന്ന് പതിനാറു വയസ്സാവുന്നതേയുള്ളൂ.

ലൈബ്രേറിയനായതോടെ പുസ്തകങ്ങ

ളുമായി കൂടുതൽ ഇടപഴകാനായി.

അലമാരയിൽ ആരും തൊടാതെ ഇരിക്കുന്നുണ്ടായിരുന്നു അനവധി പുസ്തകങ്ങൾ .

കാരൂർ നീലകണ്ഠ പിള്ള ,എം .പി .ഭട്ടതിരിപ്പാട്, നാലപ്പാട്ട് നാരായണമേനോൻ,ഈ വി.കൃഷ്ണപ്പിള്ള, നന്തനാർ,തകഴി,എസ് .കെ . പൊറ്റെക്കാട്ട് ,ഉണ്ണികൃഷ്ണൻ പുതൂർ എം.ടി മാധവിക്കുട്ടി,ബഷീർ,പി.കേശവദേവ്, ഒ.വി .വിജയൻ, കോവിലൻ ,വി .കെ.എൻ, വിലാസിനി, ഉറൂബ്, മുകുന്ദൻ ,സി .രാധാകൃഷ്ണൻ, പുനത്തിൽ കുഞ്ഞബ്ദുള്ള, ടി പത്മനാഭൻ , പി.കെ . ബാലകൃഷ്ണൻ ,പി നരേന്ദ്രനാഥ് ,ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി, രാജലക്ഷ്മി,ലളിതാംബികാ ന്തർജ്ജനം, കെ.ബി .ശ്രീദേവി,എസ് .കെ . മാരാർ ,ശ്യാമള, സാറാതോമാസ്, കാക്കനാടൻ , ഏകലവ്യൻ , പാറപ്പുറത്ത് , ചെറുകാട് വി,.എ.എ.അസീസ് ,വേളൂർ കൃഷ്ണൻ കുട്ടി തുടങ്ങിയ സാഹിത്യകാരന്മാരുടെ കൃതികളുമായി പരിചയപ്പെട്ടപ്പെടാൻ അവസരം ലഭിച്ചപ്പോഴാണ് വായനയുടെ വലിയ ഒരു ലോകം മുന്നിൽ തുറന്നു കിടപ്പുണ്ടെന്ന് മനസ്സിലായത്.

എനിക്ക് ഇഷ്ടപ്പെട്ട കുറേ കുറ്റാന്വേഷണ നോവലിസ്റ്റുകളുണ്ട്.

ദുർഗ്ഗ പ്രസാദ് ഖത്രി, അഗതാക്രിസ്റ്റി, ബാറ്റൺബോസ്, തോമസ് ടി അമ്പാട്ട്, കോട്ടയം പുഷ്പനാഥ്.

ഇവരുടെ നോവലുകൾ വരുമ്പോഴേക്കും വായനക്കാർ കൊണ്ടു പോകുമായിരുന്നു.എല്ലാവരും ഡിറ്റക്ടീവ് നോവലുകളാണ് ആവശ്യപ്പെടുക. അതുകൊണ്ടൊക്കെ പിന്നീട് വായനശാലയിലേയ്ക്ക് ഇത്തരം പുസ്തകങ്ങളാണ് കൂടുതലായും വാങ്ങിയിരുന്നത്.

കോട്ടയം പുഷ്പനാഥിന്റെ രചനാവൈഭവം അത്ഭുതപ്പെടുത്തുന്നതാണ്. വായനക്കാരനെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തി കഥപറയാനുള്ള രചനാകൗശലം അദ്ദേഹത്തിന്റെ കൃതികൾക്ക് ഒട്ടനവധി ആരാധകരെയാണ് സൃഷ്ടിച്ചത്.

ഒരിക്കലും കാണാത്ത സഞ്ചരിക്കാത്ത രാജ്യങ്ങളിലെ റോഡും കെട്ടിടവും ഭൂമിശാസ്ത്രപരമായ സവിശേഷതയും അദ്ദേഹം കഥകളിൽ വരച്ചിടുമ്പോൾ നേരിട്ട് നമുക്കത് ബോധ്യമാകുന്നു. അനുഭവമാകുന്നു.

ഫറവോന്റെ മരണമുറി വായിക്കുമ്പോൾ ഈജിപ്തിലെ പൗരാണിക അവശേഷിപ്പുകളും ഫറവോനും മമ്മിയും പിരമിഡുകളും പുരാതന നഗരങ്ങളായ എൽമിന്യേ, കെയ്റോ, മെംഫിസ് എന്നീ സ്ഥലങ്ങളിലെ ചരിത്രാവശിഷ്ടങ്ങളും പുരാതനകാലത്തെ ഈജിപ്തുകാരുടെ ജീവിതവും മരണാനന്തര ജീവിതവിശ്വാസങ്ങളുമൊക്കെ നമ്മെ അതിശയിപ്പിക്കുന്നു.

ജിജ്ഞാസയും ഭയാനകമായ അന്തരീക്ഷവും സൃഷ്ടിക്കുവാൻ ചുവന്ന അങ്കിയെന്ന പേരിനുപോലും കഴിയും. പുസ്തകങ്ങളുടെ പേരുകൾ പോലും കേട്ടാൽ ഭയപ്പെട്ടുപോകും.

ഡോക്ടർ ഫൽഗൂസനെന്ന ബംഗ്ളാവിലെ ഉടമസ്ഥനായ അതിമാനുഷൻ, ,മരിച്ചവരുടെ ആത്മാക്കളോട് സംസാരിച്ച് കാര്യങ്ങൾ നിറവേറ്റുന്നവർ, ദുരൂഹത നിറഞ്ഞ സംഭവങ്ങൾ പ്രേതങ്ങൾ പിശാചുക്കൾ വസിക്കുന്ന കോട്ടകൾ, കാർപാത്യൻ മലനിരകളുടെ ഭീകരത, അപ്രതീക്ഷിതമായ മരണങ്ങൾ, വിചിത്രരൂപങ്ങൾ, രക്തം കുടിക്കുന്ന കടവാവലുകൾ അങ്ങിനെയങ്ങിനെ ഭീകരത സൃഷ്ടിക്കുന്ന മുഹൂർത്തങ്ങൾ കോട്ടയം പുഷ്പനാഥിന്റെ രചനകളിലാവോളമുണ്ട്.

വിദേശ രാജ്യങ്ങളിലെ കുറ്റാന്വേഷണങ്ങൾക്ക് ഡിറ്റക്ടിവ് മാർക്സിൻ കടന്നുവരുമ്പോൾ ഡിറ്റക്ടീവ് പുഷ്പരാജാണ് കേരളത്തിലുള്ള അന്വേഷണങ്ങൾ കണ്ടെത്തുന്നത്.

കോട്ടയം പുഷ്പനാഥിന്റെ കുറ്റാന്വേഷണ ഹൊറർ പരമ്പരയിലെ മാർക്സിൻ സീരീസിലെ പത്തു പുസ്തകങ്ങൾ ഈയിടെ ഞാൻ വാങ്ങി സ്വന്തമാക്കി. ഒരു പഴയ വായനാവസന്തകാലത്തെ ഓർമ്മിപ്പിക്കാൻ വേണ്ടി.

ഇന്നും കോട്ടയം പുഷ്പനാഥിന്റെ പുസ്തകങ്ങളോട് എനിക്ക് വല്ലാത്തൊരു അടുപ്പമാണ്. അതുകൊണ്ടാണ് വീണ്ടും അദ്ദേഹത്തിന്റെ കൃതികളെ കുറിച്ച് പിന്നേയും പിന്നേയും പറയുന്നതും പുതിയ പതിപ്പുകൾ വാങ്ങിസൂക്ഷിക്കുന്നതും.

# മതിയം പട്ടിയിലെ ഗിരിജാക്ക

**(ഒരു ഓർമ്മക്കുറിപ്പ് )**



എനിക്കിപ്പോൾ പൂക്കളുടെ ഭാഷ മനസിലാവുന്നുണ്ട്.
പക്ഷികളുടെയും.
'കണ്ണാ.... ഇന്ത പൂക്കളുക്ക് പേശ മുടിയും. അന്ത കിളികൾക്കും"
ഓർമ്മകൾക്കപ്പുറത്ത് മതിയം പട്ടിയിൽ നിന്ന് മാമുണ്ടിയിലേക്ക് പോകുന്ന ഒരു ചെമ്മൺ പാത. ഇരു വശങ്ങളിലും ആൾപ്പൊക്കത്തിൽ വളർന്നു നിൽക്കുന്ന മുൾച്ചെടികൾ.
ഒരു മോട്ടാർ സൈക്കിളിൽ ഞങ്ങൾ അതിയംപട്ടി ടൗണിലേക്ക് പോവുകയാണ്.
ഗിരിജാക്കയാണ് വണ്ടി ഓടിക്കുന്നത്. പിന്നിൽ ഭരത് അതിനു പിന്നിൽ ഞാൻ. മുന്നിൽ കൽക്കി. രണ്ടു പേരും ഗിരിജാക്കയുടെ മക്കളാണ്.
"ഒന്ന് ശ്രദ്ധിച്ചാൽ, അവരോട് കൂട്ടുകൂടിയാൽ അവരത് നമുക്കും പഠിപ്പിച്ചു തരും"
പലതും എനിക്ക് മനസിലായില്ലെങ്കിലും അക്ക പറഞ്ഞതിന്റെ ചുരുക്കം ഇതായിരുന്നു.
രസകരമായിരുന്നു യാത്ര. ഇടക്ക് ആൾക്കൂട്ടത്തിനിടയിൽ അക്ക വണ്ടി നിർത്തും എന്നിട്ട് പറയും.
'ഇവൻ എൻ തമ്പി കേരളാവിൽ നിന്നും വന്തി രുക്ക്'
ചിലരൊക്കെ എന്നെ നോക്കി. മറ്റു ചിലർ അത് തീരെ ഗൗനിച്ചതേയില്ല.
ആദ്യം ഒരു കോഴി വാങ്ങി.



എം. കപിൽദേവ്

പിന്നെ ആട്ടിറച്ചി.
ഞാൻ ഏറെ കൗതുകത്തോടെ അക്കയെ
നോക്കി കാണുകയായിരുന്നു.
എന്ത് ചടുലതയാണവർക്ക്
വിലപേശുമ്പോൾ.
കൂട്ടുകാരോട് സംസാരിക്കുമ്പോൾ.
വാസ്തവത്തിൽ ആരാണിവർ. ഏത്
കാണാനൂലു കൊണ്ടാണ് ദൈവം
ഞങ്ങളെ കോർത്തിട്ടത്.
ഒരു തീവണ്ടിയാത്രയിൽ പരിചയപ്പെട്ട ഒരാൾ.
പിന്നീട് കുറച്ച് കത്തുകളിലൂടെ
മാത്രം പരിചയ ഉള്ള ഒരാൾ.
ഇവരെ കാണാൻ ഇത്ര ദൂരം
ഞാനെന്തിനാണ് വന്നത്. എന്നോട്
ഇത്രയ്ക്കടുപ്പത്തോടെ സ്നേഹത്തോടെ
പെരുമാറുന്നതിന് ഇവർക്ക്
എങ്ങിനാണ് കഴിയുന്നത്.
അറിയല്ല.
'ഉനക്കെന്നാ കുത്തു പൊറോട്ട പോതുമാ'
അക്കയുടെ ശബ്ദം
ഭക്ഷണം കഴിച്ച്.തിരികെ വീട്ടിലേക്ക്.
വീട്ടിലെത്തുമ്പോഴേക്കും അപ്പയും
അത്തയും എത്തിയിരുന്നു. ഒരാളു
കൂടിയുണ്ട് വെള്ളയ്യ. അക്കയുടെ നായ.
ആദ്യം കുരച്ച് ചാടിയെങ്കിലും അക്കയുടെ
ഒറ്റ നോട്ടത്തിൽ അവനടങ്ങി.
വാലാട്ടി വീടിന്റെ ഒരു മൂലയിലേക്ക് പോയി.
ആസ്ബറ്റോസ് ഷീറ്റിട്ട രണ്ട്
മുറികളും വരാന്ത യും ഒരു
ചായ്പ്പുമുള്ള ചെറിയ വീട്.
ചുറ്റും കപ്പലണ്ടി പാടങ്ങൾ.
അകത്തേയ്ക്ക് കയറുമ്പോൾ.
ചുവരിൽ തരാജറാമണ്ണന്റെ ചിത്രം.
അണ്ണൻ മരിച്ച വിവരം അക്ക
എന്നോട് പറഞ്ഞിരുന്നേയില്ല.
മനസിൽ വല്ലാത്ത ദു:ഖം ഉറഞ്ഞുകൂടി.
നേരത്തെ കണ്ട ആ അക്കയാണോ
ഭർത്താവ് നഷ്ടപ്പെട്ട കുട്ടികളെ
വളർത്താൻ ബുദ്ധിമുട്ടുന്ന ഈ
അക്കയാണോ സത്യം.

"ചെട്ടിനാട് സമയൽ ഉനക്ക്
പുടിക്കുമാ.. തെരിയാത്..... '
അക്ക പാചകത്തിലാണ്.
അടുത്ത വീട്ടിൽ നിന്ന് ഗിരിജാക്കയുടെ
അണ്ണനും വന്നു.
പിന്നെ ഒരു കറക്കം.
ഒരു സിനിമ.
പിറ്റേന്ന് തിരികെ പോരുമ്പോൾ
സേലം വരെ അക്കയും വന്നു.
യാത്രയിൽ മുഴുവൻ
അക്കയായിരുന്നു മനസിൽ.
തനിക്കു മേൽ വിധിയേൽപ്പിച്ച
മുറിവുകളെ ഒരു പൊട്ടിച്ചിരികൊണ്ട്
തുന്നിക്കെട്ടുന്ന അക്ക ഒരത്ഭുതമായി തോന്നി.
ഞങ്ങൾ പിന്നീടും ഒരു പാട്
കത്തുകളെഴുതി.
തമിഴക്കയും മലയാളി തമ്പിയും.
അതുർ ഗവ.ആർട്ട് കോളേജിൽ
ലക്ചർ പോസ്റ്റിലേക്കുള്ള
ഇന്റർവ്യൂവിന് പോയപ്പോൾ
ഒരിക്കൽ കൂടി അക്കയെ
കാണാൻ പോയിരുന്നു.
വർഷങ്ങൾക്കിപ്പുറം ഇന്ന് വീണ്ടും
ഞാനൊരു കത്തെഴുതുകയാണ്.

എൽ. ഗിരിജ റാജാറാം
ഡി/ഒ ലക്ഷ്മൺ
മതിയംപട്ടി
മാമുണ്ടി .പി.ഒ.
മല്ലസമുദ്രം വഴി നാമക്കൽ ഡിസ്ട്രിക്റ്റ് .
പ്രിയപ്പെട്ട അക്കേ,
ബന്ധങ്ങളുടെ കാണാചരടുകൾ
ഇപ്പോഴും നമ്മളെ ചേർത്തു
നിർത്തിയിരിക്കുന്നു.
അല്ലങ്കിൽ എനിക്കിന്ന്
ഈ പൂക്കളുടെ ഭാഷ
മനസിലാവില്ലായിരുന്നല്ലോ.
പക്ഷികളുടെ ഭാഷ
മനസിലാകുമായിരുന്നില്ലല്ലോ.............



പ്രദീപ് എസ് എസ്

# വെളിച്ചമെത്തുന്ന വഴികൾ

**പെ**രുമ്പാവൂരിനടുത്ത് കൂവപ്പടി ഗവ: എൽ.പി സ്കൂളിൽ മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ നടന്ന ഒരു സംഭവമാണ് എനിക്കോർമ്മയിൽ വരുന്നത്. അന്നൊക്കെ ഞങ്ങൾക്ക് ഉച്ചക്ക് ക്ലാസ്സ് കഴിയും. പിന്നെ എല്ലാവർക്കും വീട്ടിൽ പോകാം. അമ്മ അതിനടുത്തുള്ള ഗണപതി വിലാസം ഹൈസ്കൂളിൽ പഠിപ്പിച്ചിരുന്നതുകൊണ്ടാണ് എന്നെ ഈ സ്കൂളിൽ ചേർത്തത്. അതുകൊണ്ട് ഉച്ചകഴിഞ്ഞ് അമ്മയുടെ സ്കൂളിലെ സ്റ്റാഫ്റൂമായിരുന്നു എന്റെ വിഹാരകേന്ദ്രം.

അന്നൊരു ദിവസം പതിവുപോലെ ഉച്ചക്ക് ക്ലാസ്സ് വിട്ടു. ഞങ്ങൾ കുറച്ച് വികൃതികൾ സ്കൂളിൽത്തന്നെ കുറെ സമയം കൂടി ചുറ്റിത്തിരിയുക പതിവാണ്.

സ്കൂളിന്റെ പിന്നാമ്പുറത്ത് ഉപ്പുമാവ് ഉണ്ടാക്കുന്ന ഒരു ചെറിയ ഷെഡ്ഡുണ്ട്. അതിനു ചേർന്നാണ് സ്കൂൾ ഗ്രൗണ്ട്. അത്ര വലുതൊന്നുമല്ല. ഇഞ്ചിപ്പുല്ലുകളും ഒരു തരം തുളച്ച് ഉടുപ്പിലൊക്കെ പറ്റിപ്പിടിക്കുന്ന ആരൻ പുല്ലുകളും ഇടചേർന്ന് വളർന്നു നിൽക്കുന്ന ഒരു ഒളിയിടമായിരുന്നു അത്. സാറിൻമാർക്കൊന്നും ആ ഭാഗത്തേക്ക് അത്രയെളുപ്പം നോട്ടം കിട്ടില്ല. ഞങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ പറുദീസയായിരുന്നു അവിടം. ഞങ്ങൾ കുട്ടിക്കരണം മറിയുന്നതും ഗുസ്തി കൂടുന്നതും അവിടെ വച്ചായിരുന്നു.

പഴയകാല മസിൽമാൻ നടൻ ജയന്റെ സ്റ്റണ്ടു പടങ്ങൾ തിയറ്ററുകളിൽ തകർത്തോടുന്ന കാലമായിരുന്നു അത്. ജയൻ ഞങ്ങളുടെയെല്ലാം വീരപുരുഷനായിരുന്നു. കാക്കിനിക്കറും വെള്ള ഷർട്ടുമായിരുന്നു അന്നത്തെ ഞങ്ങടെ യൂണിഫോം . നന്നായി അലക്കിത്തേച്ച് ഇസ്തിരിയിട്ട് അണിഞ്ഞു വരുന്ന ഷർട്ടും നിക്കറും ചെമ്മൺ നിറമാവും വൈകിട്ട് വീട്ടിലെത്തുമ്പോഴേക്കും .

’ നിനക്ക് പാടത്തായിരുന്നോ പണി ’ എന്ന പല്ലവി എന്നും കേൾക്കും മുത്തശ്ശിയുടെ വക.

ഞാനും മുരുകനും പതിവുപോലെ സ്റ്റണ്ട് കളിക്കുന്ന സമയം. മുരുകൻ ക്ലാസ്സിലെ ഏറ്റവും വലിപ്പവും പൊക്കവുമുള്ള ചെക്കനാണ്. എന്നേക്കാൾ രണ്ടു വയസ്സ് മൂപ്പുണ്ട്. വൈകിയാണ് സ്കൂളിൽ ചേർത്തത്. ഞങ്ങൾ സ്റ്റണ്ട് മൂത്ത് പുല്ലിൽ കെട്ടിമറിയുന്ന ക്ലൈമാക്സ് രംഗം. മറ്റുള്ളവർ അത് കണ്ട് രസിച്ച് ആവേശം പകരുന്നു. പുതിയ ഹെഡ്മാഷ് ചൂരലുമായി റോന്തുചുറ്റുന്നത് ആരും കണ്ടില്ല. കുട്ടിക്കരണം മറയുന്ന എന്നേയും മുരുകനേയും ഹെഡ്മാഷ് കൈയോടെ പൊക്കി. ഇരുവശത്തുമായി നിർത്തി ഓരോ കൈ കൊണ്ടും രണ്ടു പേരുടേയും ഓരോ ചെവിയിൽ പിടിച്ച് നുകത്തിനൊപ്പം നീങ്ങുന്ന കാളക്കുട്ടൻമാരെപ്പോലെ ഞങ്ങളെ

സ്കൂളിന്റെ തിരുമുറ്റത്ത് നിൽക്കുന്ന ആൽ മരത്തിന്റെ തണലിൽ കൊണ്ടുപോയി നിർത്തി. അവിടെയാണ് സാധാരണ സ്കൂൾ അസംബ്ലി കൂടാറ്. രണ്ട് ബ്ലോക്കിന്റെയും നടുക്കാണ് ആൽമരം. അപ്പോ സ്കൂളിലെ സകല കുട്ടികൾക്കും സാറിൻമാർക്കും ഞങ്ങളെ കാണാം. ലീലാമ്മ ടീച്ചറൊക്കെ ക്ലാസ്സ് നിർത്തി വച്ചാണ് ഞങ്ങളെ ഒളികണ്ണിട്ട് നോക്കുന്നത് !

' കാണിക്കടാ ഗ്രൗണ്ടിൽ ചെയ്ത സർക്കസ്, എല്ലാരുമൊന്ന് കാണട്ടെ'

സുബ്രഹ്മണ്യൻ മാഷ് അലറി.

സർവ്വത്ര ശ്രദ്ധയും ഞങ്ങളുടെ നേർക്കായി.

സംഭവം എന്താണെന്ന് കൃത്യമായി ആർക്കും മനസ്സിലായില്ല.

(അന്ന് ഇന്നത്തെപ്പോലെ കഞ്ചാവും മയക്കുമരുന്നുമൊന്നും സ്കൂളുകളിലേക്ക് കടന്നിട്ടില്ല. വല്ല ബീഡിക്കുറ്റിയോ മറ്റോ കത്തിച്ച് വലിക്കുന്നതാണ് കണ്ടുപിടിക്കാവുന്ന ഏറ്റവും വലിയ തെറ്റ്. പിന്നെ ഹൈസ്കൂളുകളിലാണെങ്കിൽ കൊച്ചുപുസ്തകവും)

എന്റെ മുഖത്തെ ചോര വറ്റി. കണ്ണ് നിറഞ്ഞു.

മുരുകന് യാതൊരു കൂസലുമില്ല.

' ഇനി മേലിൽ ആവർത്തിക്കില്ല മാഷേ....' ഞാൻ കെഞ്ചി.

മാഷ് കൈനീട്ടാൻ പറഞ്ഞു. വടി വീണപ്പഴേക്കും ഞാൻ കൈ വലിച്ചു. മാഷ്ക്ക് ദേഷ്യമായി. പിന്നെ എന്റെ വിരലിന്ററ്റത്ത് മുറുകെപ്പിടിച്ച് രണ്ടടി ബോണസ്സായും കിട്ടി.

മുരുകന് ഒന്നേ കിട്ടിയുള്ളൂ. മാഷ് ഗുസ്തി കാണുന്ന സമയത്ത് മുകളിൽ ഞാനും അടിയിൽ മുരുകനുമായിരുന്നു. അതായിരിക്കണം എനിക്ക് അടി കൂടുതൽ കിട്ടിയത്!

അടി കിട്ടിയതിലും എന്നെ വേദനിപ്പിച്ചത് ഇത് അമ്മയുടെ ചെവിയിലെത്തുമ്പോഴുള്ള പൊല്ലാപ്പോർത്താണ്.

പേടിച്ച പോലെ എൽ.പി സ്കൂളിലെ ടീച്ചർമാരിലാരൊക്കെയോ അമ്മക്ക് ഏഷണി കൊളുത്തിക്കൊടുത്തു.

ചെന്നവഴി കിട്ടി രണ്ടെണ്ണം.

( ഇടയ്ക്കിടക്ക് ഞാനൊപ്പിക്കുന്ന വികൃതിപ്പണികൾക്ക് ഇത്തരം സമ്മാനങ്ങൾ ഒത്തിരി കിട്ടിയിട്ടുണ്ട്. )

രണ്ടു ദിവസം കഴിഞ്ഞ് ഹെഡ് മാഷ് എന്നെ അദ്ദേഹത്തിന്റെ റൂമിലേക്ക് വിളിപ്പിച്ചു.

എനിക്ക് അദ്ദേഹത്തോട് ദേഷ്യമൊന്നും തോന്നിയിരുന്നില്ല.

അദ്ദേഹം സാവധാനം എന്റെ തോളിൽ കൈവച്ചു പറഞ്ഞു.

' നീ സരസ്വതി ടീച്ചറുടെ മകനാണെന്ന് ഭവാനിയമ്മ ടീച്ചർ പറഞ്ഞാണ് അറിഞ്ഞത്. നിങ്ങൾ ക്ലാസ്സു കഴിഞ്ഞ് വീട്ടിൽ പോകാതെ ആ പൊരിവെയിലത്ത് ഗ്രൗണ്ടിൽ കിടന്ന് ഗുസ്തി കൂടി വല്ല കയ്യോ കാലോ ഒടിഞ്ഞാൽ ഞാൻ ആരോടെല്ലാം സമാധാനം പറയേണ്ടിവരും. എത്ര ദിവസത്തെ പഠിപ്പ് നഷ്ടപ്പെടും നിനക്ക്. അതുകൊണ്ട് മേലിൽ ഇത്തരം വികൃതിത്തരങ്ങൾക്ക് നടക്കാതെ വല്ലഗുണവുമുള്ള കാര്യങ്ങൾക്ക് സമയം വിനിയോഗിക്കൂ. അമ്മ പഠിപ്പിക്കുന്ന ഹൈസ്ക്കൂൾ ലൈബ്രറിയിൽ ധാരാളം നല്ല പുസ്തകങ്ങൾ കിട്ടും. ഈ സമയം അതൊക്കെ വായിച്ച് നല്ല അറിവുണ്ടാക്കൂ. നിനക്ക് ഭാവിയിൽ നന്നായി ഉപകരിക്കും. ഗ്രൗണ്ടിൽ വീണ് കയ്യും കാലും ഒടിയുകയും ചെയ്യില്ല. ഞാനിന്നുതന്നെ നിന്റെ അമ്മയോട് പറയാം.'

ആ ഉപദേശം എന്നെ സ്വാധീനിക്കുക തന്നെ ചെയ്തു. പിന്നീട് ഉച്ചക്ക് ക്ലാസ്സ് വിട്ടാൽ ഞാൻ അമ്മയുടെ സ്റ്റാഫ് റൂമിലേയ്ക്കോടും. അവിടെ മഹച്ചരിതമാലകളും നന്തനാരുടേയും മാലിയുടേയും ബഷീറിന്റേയും സുമംഗലയുടേയുമൊക്കെ കഥാപുസ്തകങ്ങളും എനിക്കു വേണ്ടി വരിവരിയായി നിന്നു. അന്ന് ഞാൻ വായിച്ചു കൂട്ടിയ പുസ്തകങ്ങൾക്ക് കണക്കില്ല. അമ്മയുടെ കൂട്ടുകാരി ടീച്ചർമാർ

' പുസ്തകപ്പുഴു' വെന്ന ഓമനപ്പേര് എനിക്കിട്ടതിലും എനിക്ക് പരിഭവമുണ്ടായില്ല.

ആ നല്ല ശീലത്തിന് വിത്തുപാകിയ സുബ്രഹ്മണ്യൻ മാഷിനെ ഇന്നും ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

നാലാം ക്ലാസ്സ് കഴിഞ്ഞപ്പോൾ ഞാൻ വീടിനടുത്തുള്ള മറ്റൊരു സർക്കാർ സ്കൂളിലേക്ക് ടി.സി വാങ്ങിപ്പോയി. ഏകദേശം രണ്ടു വർഷങ്ങൾക്കശേഷം ചോറ്റാനിക്കര വച്ച് ഒരു ബസ്സപകടത്തിൽ ഏതാനും ആളുകൾ മരിച്ച കൂട്ടത്തിൽ പ്രിയപ്പെട്ട മാഷും ഉണ്ടായിരുന്നു എന്നറിഞ്ഞു. കട്ടിഫ്രെയിമുള്ള കണ്ണടയും തൂവെള്ള ഷർട്ടും പച്ചക്കരയുള്ള മുണ്ടുമുടുത്ത് ദീർഘകായനായ എന്റെ മാഷ് കാലത്തിന്റെ യവനികക്കുള്ളിലേക്ക് മറഞ്ഞു പോയ കാഴ്ച കണ്ണീരോടെയല്ലാതെ എനിക്ക് ഓർമ്മിക്കാൻ കഴിയുന്നില്ല.




കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...


ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച






**Dhyan Appatt**
IV, St. Patrick's Academy, Angamali



Siyon S pradeep
V std
Chendayad u p school
Chendayad






**അദ്വൈദ്** . V.R
4th std, St aloysius LP school, Elthuruth.





Sourav M K, 3rd standard, Sree Vyasa Vidhyanikethan School, Puzhakkara.





Sivada. K. V, Class :4, GUPS Varadiyam








Aaromal  P S, UKG, SMLP SCHOOL CHOOLISSERY





GOKUL.K.K , 7B, G.U.P.S. VARADIYAM



ASTOR MARIO LIJO, STD 5,
ST ALOYSIUS SCHOOL ELTHURUTH




**ആരാധ്യവർമ്മ സി.കെ**
5th Std, ANMMUPS, തളി



Devanand, 9.C
C MG HS , Kuttoor.



Vyga k. R. C.
9 E. M. M. U P SCHOOL
ERAMANGALAM.

**കവിത.**

## *അധർമ്മ ഭൂമി*

മേഘങ്ങളുടെ യുദ്ധത്തിന് പ്രതിഷേധമായി ഒഴുകിവന്ന നിർത്തുള്ളികൾ മണ്ണിന് കുളിരേകിയില്ല..
ക്രൂരമായി കുത്തിയൊലിച്ച്
പുതുനാമ്പിനെ തലകുനിപ്പിച്ചു.
ഭൂമിയിലെ മനുഷ്യായുധങ്ങൾ
ചുടു രക്തത്തെ ഭൂമിക്കു ബലിയാക്കി സമാധാനം എന്ന സമ്പത്തിനെ
എന്നെന്നേക്കുമായി മണ്ണിലൊളിപ്പിച്ചു.
തീ ജ്വാല പോൽ ക്രൂരതയുടെ മുഖംമൂടി ആളിക്കത്തിയപ്പോഴേക്കും ജീവന്റെ അവസാന നിലവിളികൾ കാതിൽ അലച്ചുകൊണ്ടേയിരുന്നു..

**അക്ഷര. എ. എസ്, ക്ലാസ്സ് 10**
GHS KARAKURUSSI

**കവിത.**

## *ജാലകപ്പെട്ടി*

വീട്ടിനകത്തുള്ള ജാലക പെട്ടി
മെല്ലെ ഞാനൊന്നു തുറന്നു നോക്കി
മിന്നിത്തിളങ്ങുന്ന കൊച്ചുനക്ഷത്രങ്ങൾ
എന്നെയും നോക്കി പുഞ്ചിരിച്ചു
വെളിച്ചം പരത്തുന്ന മിന്നാമിന്നികൾ
എനിക്കു കൂട്ടിനായി വന്നു നിന്നു
ഇരുട്ടിൽ കണ്ടൊരാ സുന്ദര കാഴ്ച മറക്കാതെ മനസ്സിൽ പതിഞ്ഞിരുന്നു.

ഭൂമിക എ എസ്, 4എ
GHS KARAKURUSSI

# അമ്മുക്കുട്ടി

**ഗായത്രി ഗോപകുമാർ**
ക്ലാസ്സ് - 9, ജെ.എം ജെ ഇ. എം.എച്ച്.എസ്.എസ്
അത്താണി, തൃശ്ശൂർ.

നല്ല മിടുക്കിക്കുട്ടിയായിരുന്നു അമ്മുക്കുട്ടി . പഠിപ്പിലും, കലകളിലും ഒന്നാമതായിരുന്ന അമ്മുക്കുട്ടിയെ ടീച്ചർമാർക്കെല്ലാം വലിയ ഇഷ്ടമായിരുന്നു. നല്ല പൊക്കമായിരുന്നു അമ്മുക്കുട്ടിക്ക് , അവളുടെ മുത്തച്ഛൻ അതൊരു ഭാഗ്യലക്ഷണമായി കണ്ടു. പക്ഷെ അമ്മുക്കുട്ടിയെ സംബന്ധിച്ച് അതൊരു ശാപമായിരുന്നു.

അമ്മുവിനെ കാണുമ്പോൾ ആളുകൾ ചോദിക്കും,

'മോള് അഞ്ചാം ക്ലാസ്സിലായിട്ടേയുള്ളു ? കണ്ടാൽ പറയില്ലാ ട്ടോ .

' നീയെങ്ങോട്ടാ ഈ പൊക്കം വെച്ച് പോണത് അമ്മൂ ?'

സ്കൂളിൽ കൂട്ടുകാരുടെ കളിയാക്കലുകളും അവളെ സങ്കടപ്പെടുത്തി.

'ഇങ്ങനെ പോയാൽ നീ കുത്തബ്മിനാറിനെ തോൽപ്പിക്കുമല്ലോ അമ്മൂ ?' കളിയാക്കലുകൾ സഹിക്കാതാവുമ്പോൾ അമ്മു അമ്മയോട് പരാതി പറയും. അപ്പോൾ അമ്മയുടെ മറുപടി അപ്പൂപ്പന്റെ കഥയായിരിക്കും.

' അമ്മൂ, നിന്റെ അപ്പൂപ്പന് എന്തൊരു പൊക്കാർന്നു !' ഹോ ! ആ തലേട്പ്പ് ! എന്തൊരു ഗാംഭീര്യാർന്നു.' അമ്മ അപ്പൂപ്പന്റെ പൊക്കത്തെക്കുറിച്ച് വാചാലയാവും. 'ആ പൊക്കം തന്ന്യാ നിനക്കും കിട്ടീത് .' അവസാനം അമ്മ പറയും. ഇതെത്രാമത്തെ പ്രാവശ്യമാണ് അമ്മ അപ്പൂപ്പന്റെ കഥ പറയണത് ?

വീടിനടുത്തുള്ള ഭഗവതീ ക്ഷേത്രത്തിൽ പോകുമ്പോൾ ആളുകൾ തന്നെ നോക്കി അടക്കം പറയുന്നത് അമ്മു ശ്രദ്ധിക്കാറുണ്ട്. 'ഈ കുട്ടിക്കെന്താണാവോ ഇത്ര പൊക്കം , പെമ്പിള്ളേർക്ക് ഇത്ര്യം പൊക്കായാൽ ഒലക്ക്യോണ്ട് തലക്കടിച്ച് ചെറുതാക്കേണ്ടി വരോ എന്റെ ഭഗവത്യേ ....?' ഒരു ദിവസം കാർത്ത്യായനി അമ്മൂമ അമ്പലത്തിലെ വാര്യസ്യാരായ അമ്മാളു വാര്യസ്യാരോട് പറയുന്നത് അമ്മു കേട്ടു. അമ്മുവിന് സങ്കടം സഹിക്കാനായില്ല. അവൾ വീട്ടിൽ വന്ന് കതകടച്ചിരിപ്പായി. അമ്മുവിന്റെ സങ്കടം കണ്ട് അവളുടെ അച്ഛനും , അമ്മയും വിഷമിച്ചു.

' നിങ്ങള് സമാധാനിക്ക് , അമ്മൂട്ടീടെ വെഷമൊക്കെ ഞാൻ ഇപ്പൊ മാറ്റാം.' എന്നു പറഞ്ഞു കൊണ്ട് മുത്തച്ഛൻ അമ്മുവിന്റെ അടുത്തേക്ക് ചെന്നു.

' മുത്തച്ഛനെന്തിനാ കളവ് പറഞ്ഞെ ?' മുത്തച്ഛനെ കണ്ടപാടെ അമ്മു ചോദിച്ചു.

'മുത്തച്ഛൻ പറഞ്ഞത് സത്യാ അമ്മൂ. പൊക്കം ഒരു മോശം കാര്യാന്വല്ല. നിനക്കറിയില്ലേ, എത്ര കുട്ട്യേളാ പൊക്കം വെക്കാണ്ട് വിഷമിച്ചിരിക്കണെ? അതൊക്കെ വെച്ചു നോക്കുമ്പോൾ നിന്റെയീ പൊക്കം ഒരു ഭാഗ്യോല്ലേ ?'

മുത്തച്ഛന്റെ വാക്കുകൾ അമ്മുവിന് ആത്മവിശ്വാസം പകർന്നു. പിറ്റേന്ന് അമ്മുക്കുട്ടി സ്കൂളിൽ പോകാൻ തയ്യാറായി.

'ആരെന്ത് പറഞ്ഞാലും അമ്മേടെ അമ്മുക്കുട്ടി വിഷമിക്കേണ്ട ട്ടോ .' അമ്മ പറഞ്ഞു. അമ്മ പറഞ്ഞു.

അന്ന് സ്ക്കൂളിലെ പി. ടി ടീച്ചർ അമ്മുവിനോട് പറഞ്ഞു, അമ്മൂ, നമ്മുടെ ബാസ്ക്കറ്റ് ബോൾ ടൂർണ്ണമെന്റ് വരികയാണ്. നമ്മുടെ സ്ക്കൂൾ ടീമിലേക്ക് അമ്മുവിനെ സെലക്ട് ചെയ്തിട്ടുണ്ട്. അമ്മുവിന് നല്ല പൊക്കമുള്ള കാരണം നന്നായി കളിക്കാൻ പറ്റും.

ശരി ടീച്ചർ, അമ്മു സന്തോഷത്തോടെ സമ്മതിച്ചു.

അമ്മുവിന്റെ കഴിവ് കണ്ട് ടീച്ചർ അവളെ ടീമിന്റെ ക്യാപ്റ്റനാക്കി.

അമ്മുവിന്റെ ടീം അമ്മുവിന്റെ ക്യാപ്റ്റൻസിയിൽ ടൂർണ്ണമെന്റ് ജയിക്കുകയും ചെയ്തു. എല്ലാവരും അമ്മുവിനെ അഭിനന്ദിച്ചു.

അവളുടെ സ്ക്കൂൾ അവൾക്ക് വലിയ ആ

ദരവ് നൽകി. തന്റെ ഉയരം തന്റെ ടീമിനെ ജയിപ്പിക്കാൻ തനിക്ക് വലിയ ഉപകാരാമായിരുന്നെന്ന് അവൾ ഓർത്തു.

' ഞാൻ പറഞ്ഞതല്ലേ അമ്മുക്കുട്ടി . മോൾടെ ഉയരം ഭാഗ്യം കൊണ്ടുവരുമെന്ന് . ഇപ്പൊ അത് സത്യായില്ലേ മുത്തച്ഛൻ പറഞ്ഞു.

പിറ്റേന്ന് ക്ഷേത്രത്തിൽ പോയപ്പോൾ കാർത്ത്യായനിയമ്മൂമ്മ വാരസ്യാരോട് പറയുന്നതു കേട്ടു ,' നമ്മുടെ അമ്മുക്കുട്ടിയിപ്പോ വലിയ താരായില്ല്യേ. ബാസ്ക്കറ്റ്ബോൾ കളിയിലൊക്കെ ജയിക്ക്യാന്നു പറഞ്ഞാൽ ചെറിയ കാര്യാണോ ? ആ കുട്ടീടെ പൊക്കാ കളി ജയിപ്പിച്ചത്. അല്ലേലും പൊക്കം ഒരു ഭംഗി തന്ന്യാ. പെങ്കുട്ടികളായാ നല്ല പൊക്കം വേണം.'

അമ്മു കാർത്ത്യായനിയമ്മൂമ്മയുടെ സംസാരം കേട്ട് അത്ഭുതപ്പെട്ടു. തന്റെ പൊക്കത്തെ കുറിച്ച് എന്തൊക്കെ കുറ്റം പറഞ്ഞ ആളാണ്. മനുഷ്യർക്ക് ഓന്തിന്റെ സ്വഭാവമാണെന്ന് മുത്തച്ഛൻ പറയാറുള്ളത് എത്ര ശരിയെന്ന് അമ്മു ഓർത്തു. തന്റെ ഉയരത്തെക്കുറിച്ച് അവൾക്ക് എന്തെന്നില്ലാത്ത അഭിമാനം തോന്നി.

---

കവിത

# കടലിന്റെ നിറം

കടലിന്റെ നിറമെന്ത് പറയാമോ?
ഒന്നാമൻ ചൊല്ലീ- നീലനിറം
നീലാകാശം പോൽ നീലനിറം.
രണ്ടാമൻ ചൊല്ലീ- വെള്ളനിറം
പാലതു പോലല്ലോ വെള്ളനിറം.
ഒന്നും രണ്ടും കൂട്ടമായി
തല്ലും വഴക്കും കൂടി വന്നു.
ബഹളമതൊന്നു തീർപ്പാക്കാനായ്,
കടൽ വെള്ളം കയ്യിലെടുത്തപ്പോഴോ,
നീലയുമല്ലത്, വെള്ളയുമല്ലത്,
കടൽ വെള്ളത്തിനയ്യോ നിറമില്ലേ!

**ഭദ്ര. എസ്.**
V B
ജി.യു.പി. എസ്. വരടിയം
തൃശ്ശൂർ


# പൂമ്പാറ്റ

പൂമ്പാറ്റേ പൂമ്പാറ്റേ
നല്ല പൂമ്പാറ്റേ
സിൽക്ക് ള്ള പൂമ്പാറ്റേ
റെഡ് പൂമ്പാറ്റേ
നല്ല നല്ല പൂമ്പാ റ്റേ
കുസൃതി പൂമ്പാറ്റേ

**ദ്വിവിക് വർമ്മ സി.കെ**
1 st std
ANMMUPS.. തളി

# ഏതോ നാട്ടിലെ ആരൊക്കെയോ ചിലർ

**അ**ജിത് വള്ളോലിയുടെ കുഞ്ഞു നോവൽ എന്ന് തോന്നിപ്പിക്കുന്ന 'ഏതോ. നാട്ടിലെ ആരൊക്കെയോ ചിലർ ' എന്ന പുസ്തകം. ഈ പുസ്തകത്തിന്റെ പേര് വായിച്ചപ്പോൾ മുതൽ എന്റെ മനസ്സിൽ ഒരായിരം ചോദ്യങ്ങൾ ഉയർന്നു വന്നു. എന്താവോ ഈ പുസ്തകത്തിനു ഇങ്ങനെ ഒരു പേര്? ഒരു കാര്യം ഉറപ്പാണ് എന്തൊക്കെയോ ഒളിഞ്ഞു കിടക്കുന്ന ട്വിസ്റ്റ് നിറഞ്ഞ പുസ്തകം തന്നെയാണ് മനസ്സ് പറഞ്ഞത് സത്യം ആണെന്ന് തെളിയിച്ചു. എല്ലാ കഥയിലെ കഥാപാത്രങ്ങളും ഏതോ നാട്ടിലെ ചിലരാണ്.




ഓരോ കഥയും വായിക്കുമ്പോഴും

വായനക്കാരന് കഥ എങ്ങോട്ടാ പോകുന്നത് എന്ന് പോലും പിടി കൊടുക്കാതെ ആദ്യാവസാനം വരെ എഴുത്തുകാരൻ നല്ല രീതിയിൽ പറഞ്ഞു പോയിട്ടുണ്ട്.

*കഥയുടെ അകതാളിലേക്ക് നമുക്ക് ഒന്ന് കടന്ന് ചെല്ലാം..*

## 1. പപ്പന്റെ സൈക്കിളുകൾ

ഗ്രാമത്തിൽ ഇത് പോലെ പപ്പൻ ചേട്ടൻ ഉണ്ടാകും. സൈക്കിൾ കൊണ്ട് ജീവിക്കുന്ന നന്മ നിറഞ്ഞ മനുഷ്യൻ. ആരോടും പരാതിയോ പരിഭവമില്ലാതെ കാശ് ചോദിക്കാതെ നാട്ടിലെ എല്ലാവർക്കും സൈക്കിൾ കൊടുക്കുന്ന പപ്പൻ ചേട്ടൻ. പാവം മനുഷ്യൻ. സ്വന്തം സൈക്കിളിൽ ഉണ്ടായിരുന്ന ഡൈനമോ ഉണ്ണിയുടെ സൈക്കിളിൽ വച്ചു കൊടുത്ത മനുഷ്യന് കുഞ്ഞുങ്ങളോട് ഉള്ള വാത്സല്യം നിറഞ്ഞു നിൽക്കുന്നു.

'ഇടക്കൊപ്പോഴെങ്കിലും വീടിനു പുറത്തെ ചുമരിൽ ചാരി വച്ച എന്റെ സൈക്കിളിൽ നോക്കുമ്പോൾ അതിന്റെ പിൻ ചക്രം മാത്രം കറങ്ങുന്നത് പോലെ തോന്നും. അതിലുരഞ്ഞു കത്തുന്ന ഡയനാമോയുടെ അരണ്ട വട്ടത്തിൽ പപ്പേട്ടൻ വന്നു ചോദിക്കും.'എന്താ ണ്ടാ ഉണ്ണിയെ '?' വരികളിൽ പപ്പൻ ചേട്ടന് ഉണ്ണിയോടുള്ള വാത്സല്യവും എത്രത്തോളം പറഞ്ഞു തരാൻ പോലും വാക്കുകൾ കിട്ടുന്നില്ല. നന്മയുടെ പ്രതിരൂപമാണ് പപ്പൻ ചേട്ടൻ.

## 2.മുനിത്തൊടിയിലെ ദൈവം

പൂശാരിയപ്പൻ ആയ കിട്ടപ്പന്റെ കഥയാണ്. കാളിയമ്മ ക്കും കിട്ടപ്പനും അറിയാം താൻ എങ്ങനെയാണ് മുനി ത്തൊടിയിലെ ദൈവം ആയത് എന്ന്. അത് അവർ രണ്ട് പേരിലും മാത്രം ഒതുങ്ങുന്ന രഹസ്യമാണ്. നാട്ടിൽ എന്ന് പറയുമ്പോൾ ഞാൻ ഒക്കെ ജനിക്കുന്നതിനു മുൻപ് ഒരു കാലത്തു ഉണ്ടായിരുന്ന ഒരു കാലത്തിന്റെ കഥയാണിത്. വായിക്കുന്നവന് അത്ര പെട്ടെന്ന് പിടി കിട്ടാത്ത ട്വിസ്റ്റ് ഇതിലുണ്ട്.

## 3. റിട്ടയേർഡ് ഗുണ്ട

ആ നാട്ടിൽ കുട്ടികൾ എല്ലാവരും മുട്ടായി മാമൻ എന്ന് വിളിക്കുന്ന 'മാമൻ കുഞ്ഞേപ്പ് ' അയാളുടെ കഥ ആർക്കും അറിയില്ല. എവിടെ നിന്നോ വന്നു കൂടിയ വരത്തൻ . ആർക്കും അറിയാത്ത ആ മാമന്റെ ഭൂതകാലം അയാൾ മരിച്ചപ്പോ തന്നെ തീർന്നു. ആർക്കും അറിയാത്ത കഥയിലെ കുറ്റവാളി. ആർക്കും ഒന്നും പിടി കിട്ടാത്ത ആളാണ് മുട്ടായി മാമൻ. വായനക്കാർ ഒട്ടും പ്രതീക്ഷിക്കാതെ കഥ അവസാനിക്കുമ്പോൾ ഒന്നൂടെ ആ കഥ നമ്മെ ഓർമിപ്പിക്കുന്നു. ചെയ്തിന്റെ പാപം നമ്മൾ തന്നെ അനുഭവിക്കണം എന്നത്.

### 4. പാമ്പിച്ചി

എല്ലാ നാട്ടിലും ഉണ്ടാകും ബ്രോക്കറും ജ്യോതിഷ്യവും അവർ ഇല്ലെങ്കിൽ എന്തോന്ന് ആഘോഷം എന്നു പറഞ്ഞത് പോലെയാണ് അവരുടെ കാര്യവും. ഈ കാലത്തുമുണ്ട് രൂപവും ഭാവവും മാറി എന്ന് മാത്രം. കുമാരി പാമ്പിച്ചി ആയത് ചിലരുടെ കുറുക്കൻ ബുദ്ധി കൊണ്ട് ആണെങ്കിലും കുമാരി ആ നാട്ടിലെ പാമ്പിച്ചി ആയി. അവസാനം വാൾ എടുത്തവൻ വാളാൽ ആയി.ആ ട്വിസ്റ്റ് വായിക്കുമ്പോൾ പോലും പെട്ടെന്ന് വായനക്കാരന് മനസ്സിലാക്കി എടുക്കാൻ പ്രയാസം തന്നെയാണെന്ന് പറയാതെ വയ്യ.

### 5. പേർഷ്യകാരൻ

ഈ കഥയിലും വായന ക്കാരന് ഒരു പിടിയും കൊടുക്കാതെ ട്വിസ്റ്റ് ആണ്. അത് രവിയുടെ സുഹൃത്ത് ആയ രവിക്ക് പോലും മനസ്സിലായില്ല. അത് മനസിലാക്കി എടുത്തത് മാമചൻ മാത്രമാണ്. 'അതാണ് അതിന്റെ ശരി' എന്നതിൽ തന്നെയുണ്ട് മാമച്ചൻ മനസ്സിലാക്കിയ ആ കാര്യവും.

ഈ കഥ വായിച്ചു തീർക്കുമ്പോൾ വായനക്കാരന് സംശയം ഉണ്ടാകും അത് വായനക്കാരന് വിട്ടു കൊടുത്തിരിക്കുന്നു.

### 6. പങ്കി പുരാണം

കഥയോ ജീവിതമോ എന്ന് വായിച്ചു തീർന്നപ്പോൾ മനസ്സിൽ ഒരു ചോദ്യം വന്നു. ആ ചോദ്യം ചിലപ്പോ ഉത്തരം ഇല്ലാത്ത എന്തോ ഒന്നായി തോന്നി. പങ്കിയുടെ കഥയാണ് ആ നാട്ടിലെ എല്ലാവർക്കും അറിയുന്ന കഥയിലെ ഒരുവൾ. അവളെ കുറിച്ച് എഴുത്തുകാരൻ പറയുന്നുണ്ടല്ലോ? നിങ്ങളും വായിച്ചു നോക്കി അറിയേണ്ട കാര്യമാണിത്

### 7. കൊക്കാളി വേല

വർഷങ്ങൾക്ക് ശേഷം ഉള്ള ആ നാട്ടിലെ കൊടിയെറിയ കൊക്കാളി വേല. നാട്ടിൻ പുറത്തെ വേലയെ കുറിച്ച് എത്ര മനോഹരമായിട്ടാണ് വർണിച്ചിരിക്കുന്നത്. അതിൽ ഇടയിൽ ഉസ്മാൻ എന്ന പണക്കാരൻ ആണ് വേല നടത്തുന്നത്. അതിലും ട്വിസ്റ്റ് വച്ചിട്ടുണ്ട് നമ്മളെ എഴുത്തുകാരൻ. ഞാൻ ആ ടിസ് പൊളിക്കുന്നില്ല.

### 8. തുരങ്കം

ചരിത്രത്തിന്റെ നാഴിക കല്ലുകളാണ് ഇവിടെ തുറയ്ക്ക പ്പെടുന്നത് എങ്കിലും, ഉസ്മാൻ എങ്ങനെയാ പണക്കാരൻ ആയതിന്റെ രഹസ്യം ഇവിടെയാണ് ഒളിഞ്ഞിരിക്കുന്നത്. സേതുവിന് മാത്രം അറിയാവുന്ന രഹസ്യം. ഈ കഥ വായിച്ചു തീർന്നപ്പോൾ എന്റെ ഉള്ളിൽ ഒരു സംശയം? ഈ കഥ എങ്ങനെയാ സേതു അറിഞ്ഞത്? എന്തായാലും, ഉസ്മാൻ പണക്കാരൻ ആയ കഥ അറിഞ്ഞാലോ അത് തന്നെ ആശ്വാസം.

### 9. കാളീ തന്ത്രം

ഈ കഥയിൽ പറയുന്നത് ശരിയാണ്. വാഴ്ത്തി പാടിയവർ തന്നെ തിരിച്ചടി തരും എന്ന്. അവനവൻ ചെയ്യുന്ന പാപത്തിന്റെ ശമ്പളം അവനവന് കാലം കരുതി വയ്ക്കും എന്നത് നമ്മുക്ക് ഓർമ്മപ്പെടുത്താൽ കൂടിയാണ് ഈ കഥ. ഓരോ വിശ്വസത്തെയും മുതൽ എടുക്കുന്ന പൂരാശിന്മാർ എല്ലായിടത്തും ഉണ്ടാകും. ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ കഥ

### 10. 65 മോഡൽ അമ്പാസിഡർ മാർക്ക് 2

ആ നാട്ടിലെ കാറുക്കാരനായ സേതു പേർഷ്യ യിൽ നിന്ന് തിരികെ നാട്ടിലേക്ക് വരുമ്പോൾ താൻ ഓടിച്ചിരുന്ന 65 മോഡൽ അമ്പസിഡർ മാർക്ക് 2 ആ കാറിൽ കൊറേ നാളുകൾക്ക് ശേഷം ഇരിക്കുമ്പോൾ ആ കാറിൽ എത്രയധികം സംഭവങ്ങളാണ് സേതു വിന്റെ മുന്നിൽ മിന്നി മറഞ്ഞത്. ആ കാർ തനിക്ക് സ്വന്തമായ ആ ഓർമ്മയിലൂടെ കടന്ന് പോകുന്നുണ്ട്. ആർക്കും പിടി കിട്ടാത്ത ചിലത് ഒക്കെ സേതുവിനും അറിയാം. ഈ കഥ കാറിന്റെയും സേതു വിന്റെയും കഥ അല്ല ആ നാട്ടിലെ മനുഷ്യരുടെ കഥ കൂടിയാണ്..

ഏതോ നാട്ടിലെ ആരൊക്കെയോ ചിലരുടെ കഥയാണ്. ഈ കഥകളിൽ മരിച്ചവർക്കും ജീവിച്ചവർക്കും ഈ കഥയിൽ കഥയുണ്ട്. ഏതോ നാട്ടിലെ കഥയിലെ കഥകളിൽ ചിലരുടെ കഥയാണ്. ചിലരുടെ കഥകൾ ഇങ്ങനെ തുടർന്ന് കൊണ്ടിരിക്കും ഒരു മാറ്റവും ഇല്ലാതെ.. ഏതോ നാട്ടിൽ ഉള്ളവരുടെ കഥ പറഞ്ഞ അജിത് ചേട്ടായിക്ക് നന്ദി.

സ്നേഹത്തോടെ,

**രേഷ്മ ലെച്ചൂസ്**